Rs. 8.00

# ഓശാന

# HOSANNA

October - December 2016 Vol. 42 Issue 1

## ഒക്ടോബർ - ഡിസംബർ 2016

(3) പൂർവപാരമ്പര്യം -ജോസഫ് പുലിക്കുന്നൽ
(7) വിമർശനവും നശീകരണവും
(16) ദേവാലയനിർമാണം ഭ്രാന്തായി മാറുന്നു
- പ്രൊഫ. പി. എൽ. പൗലോസ്
(20) മതവും ആദ്ധ്യാത്മികതയും
(22)ദൈവാരാധനയും പരിസ്ഥിതി ചിന്തകളും
- ജയിംസ് ഐസക്
(28) ആ മനുഷ്യൻ നീ തന്നെ-അഗസ്റ്റിൻ വെള്ളിക്കര
(30) LAWYER NOTICE WITH REGISTERED AD
(33) ഹിന്ദുത്വം മതമോ...? സംസ്കാരമോ...?
-അനീഷ് കൊല്ലംകോട്
(36) ദൈവത്തിന്റെ സ്വന്തം നാടിന്റെ
പ്രത്യേകതകൾ - ജസ്റ്റിസ് കെ.ടി.തോമസ്
(42) സീറോ മലബാർ സാമ്രാജ്യത്വം വളരുന്നു

ഭാരതീയ ക്രൈസ്തവ പഠനകേന്ദ്ര പ്രസിദ്ധീകരണം

**HOSANA**
**(Quarterly)**

Vol. 42 Issue 1 Price Rs. 8

Founded in October - 1975
A Publication of the Indian Institute of Christian Studies.
Founder & Editor
**Joseph Pulikunnel**

Printed & published by:
**Joseph Pulikunnel**
Phone (O) **: 04822 - 236907**
Mob **: 9447196214, 9495586102**
E-mail :
hosannamountinfo@gmail.com
website:www. hosannamount.com
അംഗത്വഫീസ് (വരിസംഖ്യ)

| കാലയളവ് / | ഇന്ത്യയിൽ / | വിദേശത്ത് |
|---|---|---|
| 1 വർഷം | 90 രൂപ | 750 രൂപ |
| ഒറ്റപ്രതി | 8 ,, | 80 |

All Correspondence, Articles, M.O. and Bank drafts:
**To**
**Joseph Pulikunnel**
**Hosanna Mount,**
**Edamattom P.O.**
**Kottayam Dist.,**
**Kerala - 686 578**

Published and printed by Joseph Pulikunnel on behalf of Indian Institute of Christian Studies and

Printed at
CRLS Press, Hosanna Mount ,
Edamattom P.O. Kottayam Dist,
Kerala - 686578
Editor : Joseph Pulikunnel

**October - December 2016**

# സുവിശേഷം

“ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളെപ്പോലെ ദൈവത്തെ അനുകരിക്കുക. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ, സ്നേഹത്തിൽ നിങ്ങൾ ചരിക്കുക; ദൈവത്തിന്നു പരിമളമുള്ള ബലിയും യാഗവുമായി അവൻ തന്നെത്തന്നെ നമുക്കു വേണ്ടി അർപ്പിച്ചു. അവിഹിത വേഴ്ചയുടെയോ എന്തെങ്കിലും അശുദ്ധിയുടെയോ അത്യാഗ്രഹത്തിന്റെയോ പേരുപോലും നിങ്ങളുടെയിടയിൽ കേൾക്കരുത്; അവ വിശുദ്ധർക്കു യോജിച്ചതല്ല. അശ്ലീലസംസാരമോ വ്യർഥഭാഷണമോ പരിഹാസമോ അരുത്; അതു നിങ്ങൾക്കു യോജിച്ചതല്ല. വേണ്ടതു കൃതജ്ഞതാസ്തോത്രമത്രേ. ഇക്കാര്യം നന്നായി അറിയുക: അവിഹിതവേഴ്ചക്കാരന്നോ അശുദ്ധന്നോ അത്യാഗ്രഹിക്കോ (അതായത് വിഗ്രഹാരാധകന്നോ) ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ ഒരു അവകാശവുമില്ല. പൊള്ളവാക്കുകൾ കൊണ്ട് ആരും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. കാരണം, ഈവക കാര്യങ്ങൾ നിമിത്തമാണ്, അനുസരണയില്ലാത്തവരുടെ മേൽ, ദൈവക്രോധം നിപതിക്കുന്നത്.”

(എഫേ. 5 : 1 – 6)

# പൂർവപാരമ്പര്യം

## ജോസഫ് പുലിക്കുന്നേൽ

നമ്മുടെ പൂർവ പാരമ്പര്യത്തിലേക്ക് മടങ്ങണമെന്ന അഭിനിവേശം നസ്രാണിക്രിസ്ത്യാനികളിൽ ആരംഭിച്ചത് രണ്ടാം വത്തിക്കാൻ സിനഡിനുശേഷമാണ്. അതുവരെ റോമൻ കത്തോലിക്കാ സഭ മാർപാപ്പായുടെ കീഴിലുള്ള ഒരു ഏകമുഖമായുള്ള സഭയാണെന്നാണ് നാം തെറ്റിദ്ധരിച്ചിരുന്നത്. പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടിയാണ് കേരളത്തിലുണ്ടായിരുന്ന പുരാതന നസ്രാണിസഭ റോമിലെ പാപ്പായുടെ നേതൃത്വത്തിലുള്ള ഒരു ഏകമുഖ സഭയുടെ കീഴിലായത്. പോർട്ടുഗീസുകാർ ഇവിടെ എത്തുന്നത് കേവലം കച്ചവടക്കാരായിട്ടല്ല; മറിച്ച് കിഴക്കുള്ള പ്രദേശങ്ങളിലെ സഭയും പള്ളികളും എല്ലാം മാർപാപ്പായുടേതാക്കി തീർക്കുവാനുള്ള പ്രതിജ്ഞയോടെയായിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനം കേവലമൊരു രാഷ്ട്രീയ അധിനിവേശത്തിനുവേണ്ടിയുള്ള ലക്ഷ്യത്തോടുകൂടിമാത്രമായിരുന്നില്ല. ലോകത്തെ എമ്പാടും റോമാസഭയുടെ കീഴിൽ കൊണ്ടുവരുക എന്നതും അവരുടെ ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു.

പോർട്ടുഗീസ് രാജാവിന് മാർപാപ്പായിൽ നിന്നും കിട്ടിയ പ്രത്യേകമായ ചില അവകാശങ്ങളുടെ പത്രികയുമായാണ് വാസ്കോഡിഗാമയും അതിനുപിന്നാലെ വന്നവരും ഇന്ത്യയിൽ എത്തിയത്. കോഴിക്കോട് കാപ്പാട് കരയിൽ ഇറങ്ങിയ വാസ്കോഡിഗാമ കേരളത്തിലെ ജനങ്ങൾ ക്രൈസ്തവരാണെന്ന ഒരു തെറ്റിദ്ധാരണയുമായാണ് തിരിച്ച് പോർട്ടുഗലിലേക്ക് പോയത്. പിന്നെ നടന്ന പോർട്ടുഗീസ് അധിനിവേശം കേരളത്തിലെ ക്രിസ്ത്യാനികളെ മാത്രമല്ല കേരളത്തെത്തന്നെ റോമിലെ പോപ്പിനും പോർട്ടുഗൽ രാജാവിനും കീഴാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിനാണ് ആരംഭമിട്ടത്. അതിനിടയിൽ കേരളത്തിൽ കുറെ ക്രിസ്ത്യാനികൾ ഉണ്ടെന്ന് മനസ്സിലാക്കുകയും അവരെ റോമിന്റെ കീഴിലേക്ക് ഉറപ്പിക്കാൻ ഉദയംപേരൂർ സൂനഹദോസിലൂടെ പോർട്ടുഗീസ് ആർച്ച്ബിഷപ് ദോം മെനേസിസ് ഒരു പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടുകയും ചെയ്തു. പോർട്ടുഗീസ് രാജപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഈ പള്ളിപ്രതിപുരുഷയോഗത്തെ കത്തോലിക്കാ സഭയുടെ പരമ്പരാഗതമായുള്ള ഒരു സൂനഹദോസായി കണക്കാക്കാൻ നിർവാഹമില്ല എന്ന് പല ചരിത്ര ഗവേഷകരും കണ്ടെത്തിയിട്ടുണ്ട്. ഏതായാലും ഉദയംപേരൂർ സൂനഹദോസിനുശേഷമാണ് കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികൾ റോമാ മാർപാപ്പായുടെ ഏക ശാസനാധികാരം സ്വീകരിച്ചത് എന്നതിന് സംശയമില്ല.

സൂനഹദോസിനുമുമ്പ് ഇവിടെ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് ഏതു സംസ്കാരമാണ് ഉണ്ടായിരുന്നതെന്ന് നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ആ പാരമ്പര്യത്തിലേക്കു മടങ്ങാനുള്ള അനുവാദമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരുന്നത്. നമ്മുടെ പൂർവ സംസ്കാരത്തെ സംബന്ധിച്ച് ഇന്നു തർക്കമുണ്ട്. റോമാ നസ്രാണിസഭയെ അംഗീകരിക്കുകയും തുല്യസഭയായി കണക്കാക്കുകയും ചെയ്യുന്നുണ്ടെങ്കിലും റോമിന്റെ ആധിപത്യം ഇന്നും നസ്രാണി സഭയിൽ നിലനിൽക്കുകയായി. സഭയുടെ ഭരണക്രമമായി ഇന്ന് അംഗീകരിച്ചിരിക്കുന്ന ഈസ്റ്റേൺ കാനോൻ നിയമം റോമിൽ രൂപംകൊടുത്തതാണ്. റോം പാശ്ചാത്യ സഭകൾക്കായി രൂപം കൊടുത്ത കാനോൻനിയമം ചില ചില്ലറ വ്യത്യാസങ്ങളോടുകൂടിയാണ് പൗരസ്ത്യകാനോൻ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പൗരസ്ത്യ കാനോൻ നിയമം പ്രഖ്യാപിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പാ നടത്തിയ പ്രഭാഷണത്തിൽ ഈ നിയമം ഏതെല്ലാം സഭകളെ ബാധിക്കുമെന്ന് ഇങ്ങനെ പറയുന്നു. : *"In such a wondrous variety of rites, that is, in the liturgical, theological, spiritual and disciplinary patrimony of the individual Churches, which from venerable traditions take their origin from Alexandria, Antioch, Armenia, Chaldea and Constantinople, the sacred canons deservedly are considered to be clearly a conspicuous part of this same patrimony, which constitutes a single and common foundation of canons for ordering all the churches"*

അതായത് ഈ കാനോൻ നിയമം അലക്സാണ്ട്രിയ, അന്ത്യോഖ്യാ, അർമേനിയ, കാൽഡിയ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ സഭാ കുടുംബത്തിലെ അംഗങ്ങൾക്കാണ് ബാധകമാക്കിയിരിക്കുന്നത്. നസ്രാണി സഭ ചരിത്രകാരന്മാരുടെ ദൃഷ്ടിയിൽ ഒരിക്കലും കൽദായ സഭയുടെ പുത്രീ സഭയല്ല.

അപ്പസ്തോലനായ തോമായാൽ സ്ഥാപിതമാണ് ഇന്ത്യയിലെ സഭയെന്നും അതിന് അപ്പസ്തോലികമായ പിൻതുടർച്ചാവകാശം ഉണ്ടെന്നുമാണ് കരുതപ്പെടുന്നത്. മാർതോമ്മാ കേരളത്തിൽ വന്നു എന്നുള്ളതിന് ചരിത്രപരമായി തെളിവുകളൊന്നുമില്ല. എങ്കിലും 2000 കൊല്ലത്തെ ഒരു അപ്പസ്തോലിക പാരമ്പര്യമാണ് ഈ സഭയ്ക്ക് ഉണ്ടായിരുന്നത് എന്ന് എക്കാലവും മാർത്തോമ്മാ ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. അവരുടെ സഭാ ജീവിതത്തിന്റെ (സംസ്കാരത്തിന്റെ) ആകെതുകയായി അവർ കരുതിപ്പോന്നിരുന്നത് മാർത്തോമ്മായുടെ നിയമമായിരുന്നു (മാർത്തോമ്മായുടെ മാർഗവും വഴിപാടും). മാർത്തോമ്മായുടെ മാർഗവും വഴിപാടും സംബന്ധിച്ച് വിശദമായ പഠനങ്ങൾ ചരിത്രഗവേഷകർ നടത്തിയിട്ടുണ്ട്.

ഇപ്പോൾ തൃശൂർ മെത്രാപ്പോലീത്ത ആയിരിക്കുന്ന മാർ ആൻഡ്രൂസ് താഴത്ത് മാർത്തോമ്മായുടെ മാർഗവും വഴിപാടും എന്ന വിഷയത്തെക്കുറിച്ച് ഒരു ഗ്രന്ഥം (Low of Thomas) തന്നെ രചിച്ചിട്ടുണ്ട്. സഭാ ചരിത്രകാരന്മാരായ പ്ലാസിഡ് പൊടിപാറയും സേവ്യർ കൂടപ്പുഴയും ചങ്ങനാശ്ശേരി രൂപതയുടെ മെത്രാപ്പോലീത്ത ആയ മാർ പവ്വത്തിലും മാർത്തോമ്മായുടെ നിയമത്തെ സംബന്ധിച്ച് വിശദമായി എഴുതിയിട്ടുണ്ട്. മാർത്തോമ്മായുടെ നിയമത്തിൽ സഭാഭരണത്തിന് അതിപ്രധാനമായ സ്ഥാനമാണ് അർക്കാദിയാക്കോന്, ജാതിക്കുകർത്തവ്യന് ഉണ്ടായിരുന്നത്. ജാതിക്കുകർത്തവ്യൻ അഥവാ ആർച്ച് ഡീക്കൻ ആണ് ആകമാനസഭയുടെ നേതാവായിരുന്നത്. മെത്രാൻ കേവലം ആദ്ധ്യാത്മികനായിരുന്നു. ബിഷപ്പ് റോസ് നിയമാവലിയിലൂടെ അർക്കാദിയാക്കോന്റെ സ്ഥാനം ഇല്ലായ്മ ചെയ്യുകയായിരുന്നു പോർട്ടുഗീസ് ഭരണം ആദ്യമായി ചെയ്തത്. മാർത്തോമ്മായുടെ നിയമത്തിലെ അതിപ്രധാനമായ ഒരു ഘടകമായിരുന്നു ആർച്ച് ഡീക്കൻ. സഭക്ക് പൂർവപാരമ്പര്യത്തിലേക്ക് മടങ്ങിപോകാമെന്നുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനമനുസരിച്ച് ഇപ്പോൾ നമുക്ക് ഒരു മേജർ ആർച്ച് ബിഷപ്പിനെ ലഭിച്ചിട്ടുണ്ട്. ആ മേജർ ആർച്ച് ബിഷപ്പ് പൗരസ്ത്യ കാനോൻ നിയമത്തിന്റെ കീഴിലാണ് പ്രവർത്തിക്കേണ്ടത്. പൗരസ്ത്യ കാനോൻ നിയമമാകട്ടെ പാശ്ചാത്യ കാനോൻ നിയമത്തിന്റെ ഒരു കോപ്പി മാത്രമാണ്. നസ്രാണികളുടെ പൂർവ പാരമ്പര്യവുമായി ഈ കാനോൻ നിയമത്തിന് യാതൊരു ബന്ധവുമില്ല. പാശ്ചാത്യ കാനോൻ നിയമമനുസരിച്ച് ഇടവകപ്പള്ളി വക സ്വത്തുക്കൾ മെത്രാന്റേതാണ്. പൗരസ്ത്യ നിയമത്തിലും അതുതന്നെയാണ് പറഞ്ഞിരിക്കുന്നത്.

നമ്മുടെ പൂർവ പാരമ്പര്യമനുസരിച്ച് ഇടവകയോഗമായിരുന്നു പള്ളിയുടെ സാമ്പത്തിക കാര്യങ്ങൾ നിർവഹിച്ചുപോന്നിരുന്നത്. ഇത് എല്ലാ സഭാചരിത്രകാരന്മാരും സമ്മതിച്ചിട്ടുള്ള കാര്യമാണ്. ഇടവകയോഗത്തോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട മഹായോഗവും കേരള സഭയ്ക്കുണ്ടായിരുന്നു. ഇന്ന് ആ മഹായോഗം ഇല്ല. മഹായോഗമായിരുന്നു ആർച്ച് ഡീക്കനെ തെരഞ്ഞെടുത്തിരുന്നത്. ഇന്ന് നിലവിൽ ഉണ്ടെന്നു പറയുന്ന എപ്പിസ്കോപ്പൽ അസംബ്ലി മഹായോഗത്തിന്റെ ഒരു കാർബൺകോപ്പി മാത്രമാണ്. പൂർവപാരമ്പര്യമനുസരിച്ചുള്ള യഥാർത്ഥമായ അധികാരങ്ങൾ സിനഡിന് നൽകിയിട്ടില്ല. ഈ അടുത്തയിട കൊട്ടിഘോഷത്തോടുകൂടി ഇരിങ്ങാലക്കുടയിൽ കൂടിയ സീറോമലബാർ സഭയുടെ സിനഡിന് പൂർവപാരമ്പര്യമനുസരിച്ചുള്ള ഒരു അധികാരവും കൈമാറിയിട്ടില്ല. പൂർവപാരമ്പര്യമനുസരിച്ചുള്ള സീറോ മലബാർ സഭയുടെ മഹായോഗമാണ് സിനഡെന്ന് തെറ്റിദ്ധരിപ്പിക്കാൻ പറ്റിയ പ്രചാരങ്ങളാണ് നടന്നത്. സീറോമലബാർ സഭയുടെ മഹായോഗത്തെക്കുറിച്ച് അറിവുള്ള സഭാചരിത്രകാരന്മാർക്ക് ഈ സിനഡ് ഒരു തമാശമാത്രമാണ്. നമുക്ക് നമ്മുടെ പൂർവപാരമ്പര്യങ്ങളിലേക്ക് പോകാനുള്ള പൂർണാനുമതിയാണ് രണ്ടാം

വത്തിക്കാൻ സൂനഹദോസ് തന്നിരിക്കുന്നത്. നമ്മുടെ പൂർവ പാരമ്പര്യം കൽദായമല്ല. അതിനാൽ കൽദായ സഭയുടെ കുടുംബത്തിൽപ്പെടുത്തി പൗരസ്ത്യ കാനോൻ നിയമം സീറോ മലബാർ സഭയുടെമേൽ അടിച്ചേൽപ്പിച്ചത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനങ്ങളോടുള്ള ഒരു വെല്ലുവിളിയാണ്. ഇപ്പോൾ സീറോ മലബാർ സഭയ്ക്ക് അവളുടെ പൂർവ പാരമ്പര്യം തീരുമാനിക്കാനുള്ള അധികാരം ലഭിച്ചിരിക്കുന്നു. ആ അധികാരം ഉപയോഗിച്ച് അർക്കാദിയാക്കോൻ പദവിയും സഭാ മഹായോഗവും പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. പാശ്ചാത്യ കാനോൻ നിയമമനുസരിച്ചുള്ള കുറച്ചു മെത്രാന്മാരെ സീറോ മലബാർ സഭയ്ക്ക് നൽകി എന്നതിനപ്പുറം സഭയുടെ പൂർവ പാരമ്പര്യങ്ങളിലേക്ക് മടങ്ങിപ്പോകാനുള്ള ഒരു പരിശ്രമവും നടത്തിയിട്ടില്ല. സീറോ മലബാർ മെത്രാന്മാർ വേഷഭൂഷാദികളിൽ ലത്തീൻ മെത്രാന്മാരിൽനിന്നും ഒട്ടും വിഭിന്നരല്ല. അരയിൽ ചുവന്ന കെട്ടും തലയിൽ കിരീടവും വെച്ചുകൊണ്ടുള്ള അവരുടെ വേഷഭൂഷാദികൾ കേരള സഭാ പാരമ്പര്യങ്ങൾക്ക് യോജിച്ചതല്ല എന്ന് നാം പറയേണ്ടിയിരിക്കുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രഖ്യാപനമനുസരിച്ച് നമുക്ക് നമ്മുടെ പൂർവ പാരമ്പര്യ തനിമയിലേക്ക് മടങ്ങിപ്പോകാനുള്ള എല്ലാ അവകാശവും ഉണ്ട്. ആ അവകാശം പുനസ്ഥാപിക്കാൻ ഫ്രാൻസിസ് മാർപാപ്പായുടെ മേൽ സമ്മർദ്ദം ചെലുത്തുക എന്നുള്ളതാണ് സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ കടമ. ഈ കടമ നിർവഹിക്കാതെയുള്ള നമ്മുടെ മെത്രാന്മാരുടെ ഏതു നടപടിയും ആത്മവഞ്ചനാപരമാണ്. അവർക്ക് ഇവയെക്കുറിച്ച് അറിഞ്ഞുകൂടായ്മയില്ല. മറിച്ച്, പൂർണമായും അവർ നമ്മുടെ പൂർവപാരമ്പര്യമല്ല ഇന്ന് നടപ്പിലാക്കുന്നതെന്നു തികച്ചും അറിഞ്ഞുകൊണ്ടുതന്നെയാണ് മുന്നോട്ടു പോകുന്നത്. നമ്മുടെ ഇടവകയോഗം സഭയുടെ പൂർവ പാരമ്പര്യങ്ങളോട് ഒട്ടും യോജിക്കുന്നതല്ല. ഇടവകയോഗമായിരുന്നു പള്ളിയുടെ എല്ലാ കാര്യങ്ങളും തീരുമാനിച്ചുപോന്നത്. ഇന്ന് ആ സ്ഥാനം വികാരിയും മെത്രാനും ഏറ്റെടുത്തിരിക്കുകയാണ്. ഇടവകക്കാരുടെ ആവശ്യത്തിനുവേണ്ടി സ്ഥാപിതമായിരിക്കുന്ന സിമിത്തേരിയിൽ മൃതദേഹ സംസ്കാരം നടത്താനുള്ള അവകാശം ഇന്ന് വികാരിമാർ നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. ഉഴുവ സംഭവം ഓർക്കുക. നിയമവിരുദ്ധമായി മൃതദേഹസംസ്കാരം നടത്താതിരുന്ന പുരോഹിതരെ ശാസിക്കാനോ ശിക്ഷിക്കാനോ ആലഞ്ചേരി മെത്രാൻ തയ്യാറായില്ല എന്നത് സഭാംഗങ്ങൾക്ക് അതീവ ഖേദകരമാണ്.


എഡിറ്റർ '**ഓശാന**'<br>ഓശാനമൗണ്ട്, ഇടമറ്റം പി.ഒ.<br>കോട്ടയം - 686 578<br>മൊബൈൽ : 9447196214

# വിമർശനവും നശീകരണവും

## ജോസഫ് പുലിക്കുന്നേൽ

ഓശാന ഒരു സഭാവിമർശന മാസികയാണ്. സഭയിലെ അനീതിയും ബൈബിൾ വിരുദ്ധ നയങ്ങളും ഞാൻ ഓശാനയിലൂടെ ശക്തമായി വിമർശിച്ചുകൊണ്ടിരിക്കുന്നു. ഇനി അതുതന്നെ തുടരുകയും ചെയ്യും. ഇത് സഭയോടുള്ള എന്തോ വിരോധംകൊണ്ട് സഭയെ നശിപ്പിക്കുന്നതിനാണ് എന്ന് പലരും വ്യാഖ്യാനിക്കുകയും ധരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിമർശനവും നശീകരണവും രണ്ടാണെന്ന് മനസ്സിലാക്കിയിട്ടുള്ളവരും ധാരാളമാണ്. അവരാണ് ഓശാനയുടെ ശക്തി.

വിമർശനം എന്നാൽ വ്യക്തിപരമായി എടുത്ത് നശിപ്പിക്കുന്നതിനുവേണ്ടിയുള്ള പുറപ്പാട് എന്നു കരുതുന്നവരുമുണ്ട്. തെറ്റുകൾ വന്നുപോയി എന്ന് വിമർശനത്തിന്റെ ഫലമായി ചിന്തിക്കുന്നവരുമുണ്ട്.

ഞാൻ ഓശാനയിലൂടെ വിമർശിക്കാറുള്ളത് സഭയിൽ നടക്കുന്ന അനീതിയെയാണ്, ബന്ധപ്പെട്ട മെത്രാന്മാരെയും വൈദികരെയുമാണ്. മെത്രാന്മാർക്കും പുരോഹിതർക്കും സഭയിൽ ചില അധികാരങ്ങളുണ്ട്. അവ ദുർവിനിയോഗം ചെയ്യുമ്പോൾ ഞാൻ പലപ്പോഴും ശക്തമായ ഭാഷയിൽ വിമർശിച്ചിട്ടുണ്ട്. അത് അവരോടുള്ള വ്യക്തി വിരോധംകൊണ്ടല്ല; മറിച്ച് അവരെ തിരുത്തി സഭാജീവിതത്തെ ശോഭായമാനമാക്കുന്നതിനുവേണ്ടിയിട്ടാണ്. വിമർശനം അത്ര എളുപ്പമുള്ളതല്ല. പലപ്പോഴും അതീവവേദനയോടെയാണ് വിമർശനത്തിനായി ഞാൻ തൂലിക എടുക്കുന്നത്. സഭപോലെയുള്ള ഒരു ആധ്യാത്മിക പ്രസ്ഥാനത്തിനു വിമർശനങ്ങൾ താങ്ങാൻ വിഷമമുണ്ടെന്നും എനിക്കറിയാം. മാർപാപ്പായ്ക്ക് അപ്രമാദിത്വം ഉണ്ട് എന്ന് വേദപാഠത്തിൽ പഠിച്ചിട്ടുണ്ട്. പക്ഷേ അത് മാർപാപ്പായ്ക്കു മാത്രമല്ല മെത്രാന്മാർക്കും പുരോഹിതർക്കും കൂടിയുള്ളതാണെന്നു തെറ്റിദ്ധരിച്ചിട്ടുള്ളവർ ധാരാളമാണ്. അങ്ങനെ തെറ്റിദ്ധരിച്ചിട്ടുള്ളവർ വിമർശനത്തെ വ്യക്തിപരമായി എടുക്കുകയും വിമർശകനായ ഞാൻ തെറ്റുകാരനാണെന്ന് കണ്ടെത്തുകയും ചെയ്യും. അങ്ങനെ അത് വ്യക്തിപരമായ വിരോധത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു.

ഓശാന ആരംഭിച്ചിട്ട് ഏതാണ്ട് 41 കൊല്ലമായി. ഇതിനിടെ വളരെയധികംപേരും കത്തോലിക്കാ സ്ഥാപനങ്ങളും എന്റെ വിമർശനത്തിന് ഇരയായിട്ടുണ്ട്. ഇവയെല്ലാം എന്റെ അജ്ഞാത പ്രതിയോഗികൾ ആയിട്ടാണ് എനിക്ക് തോന്നിപോന്നത്. എന്നാൽ അങ്ങനെയല്ല എന്ന് എനിക്ക് ഇപ്പോൾ മനസ്സിലാകുന്നു. എന്റെ രൂക്ഷ വിമർശനത്തിന് ഇരയായിട്ടുള്ളത് പ്രധാനമായും പാലാ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിലാണ്. ഞാൻ രോഗാവസ്ഥയിലായി കട്ടിലിൽനിന്നും അനങ്ങാൻ പാടില്ലാത്ത അവസ്ഥയിലായപ്പോൾ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് മാർ പള്ളിക്കാപറ

മ്പിൽ മെത്രാൻ എന്നെ നേരിട്ട് കണ്ട് സമാശ്വസിപ്പിക്കുന്നതിന് എത്തുകയുണ്ടായി. എന്റെ വിമർശനത്തെ വ്യക്തിപരമല്ലാതെ എടുക്കുന്നതിന് അദ്ദേഹം തയ്യാറായതിന്റെ ലക്ഷണമായി ഇതിനെ ഞാൻ കാണുന്നു.

ഞാൻ പള്ളിക്കാപറമ്പിൽ മെത്രാനെ ഏറ്റവും ശക്തമായി വിമർശിച്ചത് കുറവിലങ്ങാട് ശ്രീ. വി. കെ. കുര്യൻ സാറിന്റെ മരിച്ചടക്ക് സംബന്ധിച്ച വിഷയത്തിലാണ്. ശ്രീ. വി. കെ. കുര്യന് കുറവിലങ്ങാട് പള്ളി വികാരി ക്രിസ്ത്യൻശവമടക്ക് നിഷേധിക്കുമെന്നു വന്നപ്പോൾ ഞാൻ മുന്നോട്ടു വന്നു ശവമടക്ക് ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയുണ്ടായി. ധാരാളം അച്ചന്മാരും വൻ ജനാവലിയും മരിച്ചടക്കിന് എത്തിയിരുന്നു. മരിച്ചടക്ക് ശുശ്രൂഷയിൽ, വീട്ടിൽനിന്നും പുറപ്പെടുമ്പോൾ " വിടവാങ്ങുന്നേൻ നശ്വരമുലകിൽ വിടുതി എനിക്കായ് നൽകിയ വസതി" എന്ന യാത്രാവാക്യം ഞാൻ ഉച്ചത്തിൽ പാടിയപ്പോൾ ജനങ്ങളെല്ലാം ഇരമ്പിപ്പാടി. മാത്രമല്ല, പള്ളിവരെ ആബേലച്ചന്റെ ചരമശുശ്രൂഷാഗാനം ജനം തുടരെ പാടിക്കൊണ്ടിരുന്നു. അവസാനം മൃതദേഹം പള്ളിയിലേക്ക് പ്രവേശിപ്പിച്ചു. അവിടെവെച്ച് പുരോഹിതനടുത്ത മരണശുശ്രൂഷാ കർമ്മങ്ങൾ ഞാൻ പാടി. ആൾക്കുട്ടം ഒത്തുകൂടി. അവിടെനിന്നും ശവശരീരം സിമിത്തേരിയിലേക്ക് എടുത്തു. അവിടെയും പുരോഹിതനടുത്ത പ്രാർഥനകൾ ഞാൻ ചൊല്ലി. അങ്ങനെ ശവസംസ്കാര ശുശ്രൂഷ പൂർത്തീകരിച്ചു. സത്യത്തിൽ ഇത് പൗരോഹിത്യത്തിനെതിരായ ഒരു വെല്ലുവിളിയായിരുന്നു. ഏതായാലും സഭാ ജീവിതത്തിൽ അതിപ്രധാനമായ ഒരു വഴിത്തിരിവായിരുന്നു ശ്രീ. വി.കെ.കുര്യന്റെ മരിച്ചടക്ക്.

അടക്ക് കഴിഞ്ഞ് പാലാ മെത്രാൻ മാർ പള്ളിക്കാപറമ്പനും കുറവിലങ്ങാട്ട് പള്ളി വികാരിക്കുമെതിരെ ശ്രീ. വി. കെ. കുര്യന്റെ കുടുംബക്കാർ നഷ്ടപരിഹാരത്തിനു സിവിൽ കേസ് കൊടുക്കുകയുണ്ടായി. അതിന്റെ പിന്നിലും നടത്തിപ്പിലും ഞാനാണ് ഉണ്ടായിരുന്നതെന്ന് വളരെ വ്യക്തമായിരുന്നു. പാലാ മെത്രാനെയും പള്ളി വികാരിയെയും കോടതി കുറ്റക്കാരാണെന്ന് കാണുകയും വൻതുക നഷ്ടപരിഹാരമായി ശ്രീ വി. കെ. കുര്യന്റെ കുടുംബത്തിനു കൊടുക്കണമെന്ന് വിധിക്കുകയും ചെയ്തു. പിന്നീട് ബഹു. പള്ളിക്കാപറമ്പിൽ മെത്രാൻ വി. കെ. കുര്യന്റെ വീട്ടിലും പള്ളിയിലും ചെല്ലുകയും കുര്യന്റെ ആത്മാവിനുവേണ്ടി ഒപ്പീസ് എത്തിക്കുകയും ചെയ്തു.

ശ്രീ.വി.കെ.കുര്യന്റെ ശവസംസ്കാരം ക്രൈസ്തവമായിതന്നെയാണ് നടത്തിയത് എന്നതിനുള്ള അംഗീകാരമായിരുന്നു കുര്യൻ സാറിന്റെ വീട്ടിലേക്കുള്ള മാർ പള്ളിക്കാപറമ്പിലിന്റെ യാത്രയും അടക്കിയ സ്ഥലത്തുള്ള ഒപ്പീസും. തെറ്റുകൾ തിരുത്താൻ പലരും മടിക്കുന്നു. പ്രത്യേകിച്ച് അധികാരികൾ. പക്ഷേ അതിന് അപവാദമായിട്ടാണ് മാർ പള്ളിക്കാപറമ്പൻ കുര്യൻ സാറിന്റെ വീട്ടിൽ പോയതും ശവക്കല്ലറയ്ക്കൽ ഒപ്പീസ് എത്തിച്ചതും. അത് ഒരു തെറ്റുതിരുത്തലായി ഞാൻ കാണുന്നു.

ഇതുപോലെതന്നെ മാർ പള്ളിക്കാപറമ്പിലിനെ ഞാൻ ശക്തമായി വിമർശിച്ച രണ്ടു സംഭവങ്ങൾ കൂടി ഉണ്ടായി. ഒന്ന് പാലായിലെ മൂന്നാനി പള്ളിയിൽ വിവാഹം നിഷേധിച്ച ദമ്പതികളുടെ വിവാഹം പാലായിൽ ഷെഡ് കെട്ടി ഞാൻ നടത്തികൊടുക്കുകയുണ്ടായി. അതുപോലെ തന്നെ കുറുമണ്ണ് പള്ളി ഇടവക വികാരി നടത്താൻ വിസമ്മതിച്ച വിവാഹം പള്ളിക്കടുത്ത് ഷെഡ് കെട്ടി ആശിർവദിച്ചതും ഞാനായിരുന്നു. വമ്പിച്ച ജനാവലിയും ആ വിവാഹത്തിനുണ്ടായിരുന്നു. ഈ രണ്ടു വിവാഹവും കഴിഞ്ഞ് രണ്ടു ദമ്പതികളെയും പാലാ അരമനയിലേക്ക് ക്ഷണിക്കുകയും അവിടെവെച്ച് മാർ പള്ളിക്കാപറമ്പിൽ അവരെ ആശിർവദിച്ച് അവരുടെ വിവാഹം പള്ളി നിയമമനുസരിച്ച് സാധൂകരിക്കുകയും ചെയ്തു. വിവാഹത്തിന് കാർമ്മികത്വം വഹിച്ച എന്നോടോ അതിന് സമ്മതിച്ച ദമ്പതിമാരോടോ യാതൊരു പ്രതികാര ബുദ്ധിയും മാർ പള്ളിക്കാപറമ്പിൽ കാണിച്ചില്ലെന്നത് ഞാൻ ഓർക്കുന്നു.

അതുപോലെതന്നെ പാലാ ളാലം പള്ളി പൊളിച്ചുപണിയുന്നതിനു വേണ്ടി പള്ളി വികാരിമാർ നടത്തിയ പരിശ്രമത്തെ ഞാൻ ശക്തമായി ഓശാനയിലൂടെയും ലഘുലേഖയിലൂടെയും എതിർക്കുകയുണ്ടായി. മൂന്നു വികാരിമാർ മാറിമാറി പള്ളിപൊളിക്കാൻ പരിശ്രമിച്ചു എന്നാണ് എന്റെ ഓർമ. പക്ഷേ പള്ളി പൊളിക്കാൻ പാലാ മെത്രാൻ അനുവദിച്ചില്ല. മാത്രമല്ല ളാലംപള്ളിയിൽ നിന്നും വളരെ അകലെയല്ലാതെ ഒരു പള്ളി പണിയാൻ അനുവദിക്കുകയും ചെയ്തു.

മാർ പള്ളിക്കാപറമ്പിലിനെ ശക്തമായി ഓശാനയിലൂടെ വിമർശിച്ചത് കൈപ്പൻപ്ലാക്കൽ അച്ചനോട് മെത്രാൻ ചെയ്ത അനീതിയെ സംബന്ധിച്ചായിരുന്നു. കൈപ്പൻപ്ലാക്കലച്ചന്റെ പ്രശ്നത്തിൽ ഇടപെട്ട് അദ്ദേഹത്തിനെതിരെയുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിച്ചത് കൈപ്പൻപ്ലാക്കൽ അച്ചന്റെ ജ്യേഷ്ഠസഹോദരനും വൈദികനുമായ ഫിലിപ് ഒ.സി.ഡി ആയിരുന്നു. അതുപോലെ തന്നെ കൈപ്പൻപ്ലാക്കൽ അച്ചനെ കുറ്റപ്പെടുത്തിയിരുന്നത് അച്ചന്റെ സഹോദരപുത്രനായ ഒരു കൈപ്പൻപ്ലാക്കലച്ചനും അച്ചൻ സ്ഥാപിച്ച കന്യാസ്ത്രീമഠങ്ങളുടെ സുപ്പീരിയറുമാരായിരുന്ന അച്ചന്റെ സഹോദരപുത്രിമാരുമാണ്.

കൈപ്പൻപ്ലാക്കൽ അച്ചന്റെ ഇടവകക്കാരനും പാലാ രൂപതയിലെ പ്രശസ്ത വൈദികനും മോൺസിഞ്ഞോറുമായിരുന്ന ഒരു പുരോഹിതനും മെത്രാൻ സമക്ഷം അച്ചനെ കുറ്റപ്പെടുത്തിയതായി അറിയുന്നു. തെറ്റായ ഉപദേശങ്ങളാണ് മെത്രാന് ലഭിച്ചത്. ഈ ഉപദേശങ്ങളോട് വിവേചന ബുദ്ധിയോടുകൂടി സമീപിക്കാൻ കഴിഞ്ഞില്ലാ എന്നുള്ളത് മെത്രാന്റെ വ്യക്തിപരമായ തെറ്റാണ്. എങ്കിലും കൈപ്പൻപ്ലാക്കലച്ചൻ മരണത്തോടടുക്കുമ്പോൾ മെത്രാൻ സന്യാസിമഠത്തെയും വൃദ്ധസദനത്തേയും അംഗീകരിച്ചു എന്നത് സ്വാഗതാർഹമാണ്. മാത്രമല്ല, കൈപ്പൻപ്ലാക്കലച്ചന്റെ മരണത്തോടനുബന്ധിച്ച എല്ലാ ശുശ്രൂഷകളിലും പാലാ

മെത്രാന്മാർ പങ്കെടുക്കുകയും ചെയ്തു. ഇതെല്ലാം അവരിൽ അജ്ഞാതമായിരുന്ന ക്രൈസ്തവ സ്നേഹത്തിന്റെ ബഹിർസ്ഫുരണങ്ങളായി മാത്രം ഞാൻ കാണുന്നു.

കൈപ്പൻപ്ലാക്കൽ അച്ചനെ സംബന്ധിച്ചുള്ള സംഭവങ്ങളെല്ലാം ഞാൻ 1981 ഡിസംബർ ലക്കം ഓശാനയിൽ വിശദമായി എഴുതുകയുണ്ടായി. അച്ചന്റെ മരണശേഷം അതിലെ കുറേ ഭാഗങ്ങൾ 2014 ഏപ്രിൽ – ജൂൺ ലക്കം ഓശാനയിൽ പുനപ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

ഈ സംഭവങ്ങളിലെല്ലാം ഞാൻ എടുത്ത നിലപാട് തെറ്റാണെന്ന് ഞാൻ കരുതുന്നില്ല. ഞാൻ രോഗാവസ്ഥയിലായിരുന്നപ്പോൾ മാർ പള്ളിക്കാപറമ്പിൽ എന്നെ വന്നു കണ്ടതും ക്രൈസ്തവ സ്നേഹത്തിന്റെ ബഹിർസ്ഫുരണമാണെന്ന് ഞാൻ കണക്കാക്കുന്നു.

ഞാൻ സഭയിൽ നടക്കുന്ന അനീതികളെയാണ് വിമർശിക്കാറ്. അതു തിരുത്താൻ ആരെങ്കിലും തയ്യാറായാൽ ഞാൻ സന്തോഷത്തോടെ സ്വീകരിക്കും; അവരെ അഭിനന്ദിക്കും

## കത്തോലിക്കാ സഭയിലെ മെത്രാന്മാരും പുരോഹിതരും

രാജകീയ സ്ഥാനികളാണെന്ന പാരമ്പര്യമാണ് കഴിഞ്ഞ പല നൂറ്റാണ്ടുകളായി സഭയിലെ മെത്രാന്മാർ വിശ്വാസികളെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നത്. അതുപോലെതന്നെ വൈദികർ സഭയ്ക്കുള്ളിലെ ബ്രാഹ്മണന്മാരാണെന്നും ജനങ്ങളെ വിശ്വസിപ്പിച്ചുപോന്നു. പോർട്ടുഗീസുകാരുടെ കാലം മുതൽ ആരംഭിച്ചതാണിത്. ഇതിനിടെ സഭയുടെമേലുള്ള വിദേശാധിപത്യത്തിനെതിരെ ചെറുത്ത് നിൽപ് ഉണ്ടാകുകയും തുടർന്ന് സ്വദേശിമെത്രാന്മാർ നിയമിതരാകുകയും ചെയ്തു. പക്ഷേ അവർ കണ്ടുപഠിച്ചു പോന്നത് വിദേശ മെത്രാന്മാരുടെ ഭരണ ശൈലിയെയാണ്. മെത്രാന്മാരായി നിയമിതരായ പല വൈദികരും റോമിലാണ് പഠിച്ചത്. അവിടെ റോമൻ സാമ്രാജ്യത്തിലെ ഭരണ സമ്പ്രദായം കണ്ടുപഠിച്ചാണ് അവർ പുറത്തിറങ്ങിയത്. അവരുടെ വേഷവും ശരീരഭാഷയും നാട്ടുകാരായ മെത്രാന്മാർ അംഗീകരിക്കാൻ തുടങ്ങി. എന്റെ ഓർമയിൽ ഞാൻ ആദ്യം കണ്ട മെത്രാൻ ചങ്ങനാശ്ശേരി മെത്രാനായിരുന്ന മാർ ജയിംസ് കാളാശ്ശേരി ആണ്. രാജകീയമായ ആഡംബരങ്ങളോടുകൂടിയാണ് അദ്ദേഹം മെത്രാൻ സ്ഥാനം വഹിച്ചിരുന്നത്. പള്ളികളിലേക്ക് അദ്ദേഹത്തെ കസേരയിലിരുത്തി ചുമക്കുകയായിരുന്നു പതിവ്. ഇങ്ങനെ രാജകീയ വേഷഭൂഷാദികളോടുകൂടിയുള്ള മെത്രാന്മാരാണ് ഇന്നും സഭയെ ഭരിക്കുന്നത്. തന്മൂലം അവർ അധികാരം ഭരിക്കുന്നത് യൂറോപ്പിലെ മെത്രാന്മാരുടെ ശൈലിയിലാണ്. കാനോൻ നിയമം ആണ് അവരുടെ നിയമം. ഈ ജനാധിപത്യ യുഗത്തിലും ഈ രാജകീയത റോമിലും കേരളത്തിലും തുടരുകയാണ്. ഇത് മെത്രാന്മാരെ സ്വേച്ഛാധിപതികളും ഏകാധിപതികളും ആക്കിതീർക്കുന്നു. അതിന്റെ ചുവടുപറ്റി പുരോഹിതരും മെത്രാന്റെ അധികാര

ത്തിന്റെ പങ്കുവഹിക്കുന്നു. ഇവരെ വിമർശിക്കാനോ കുറ്റപ്പെടുത്താനോ പാടില്ലെന്ന അലിഖിത നിയമം സഭയ്ക്കുള്ളിൽ വളർത്തിയെടുത്തു.

സഭാഭരണസമ്പ്രദായത്തെയും സഭയ്ക്കുള്ളിൽ നടക്കുന്ന അഴിമതിയെയും അനീതിയേയും കണ്ടാണ് ഞാൻ വളർന്നത്. അത് ഒരു സാധാരണ സംഭവമായേ അന്നു തോന്നിയിരുന്നുള്ളൂ. ഇത്തരം വൈദിക അധികാരത്തോട് എനിക്ക് ചെറുപ്പത്തിൽ തന്നെ എതിർപ്പുണ്ടായിരുന്നു. പക്ഷേ പറഞ്ഞിട്ടെന്തു പ്രയോജനം. മെത്രാന്മാരെയും വൈദികരെയും വിമർശിക്കുന്നത് പാപമാണെന്നാണ് വിശ്വാസികൾ കരുതിപ്പോന്നിരുന്നത്.

ഞാൻ ആദ്യമായി ഒരു മെത്രാന്റെ അനീതിക്കെതിരെ ഏറ്റുമുട്ടുന്നത് കോട്ടയം മെത്രാനായിരുന്ന ഡോ. തോമസ് തറയിലിനോട് ആയിരുന്നു. സംഗതി ഇതാണ്. കോട്ടയം മെത്രാന്റെ കീഴിലുള്ള ഉഴവൂർ പള്ളിയുടെ ഉടമസ്ഥതയിൽ ഒരു ജൂണിയർ കോളേജ് ആരംഭിച്ചു. ഈ കോളേജ് കുറേകഴിഞ്ഞപ്പോൾ അപ്ഗ്രേഡ് ചെയ്യുകയും അതോടൊപ്പം തന്നെ കോളേജിന്റെ ഉടമാവകാശം മെത്രാനിലേക്ക് മാറ്റുകയും ചെയ്തു. ഇത് ഉഴവൂർ ഇടവകയിൽ രോഷം ഉണ്ടാക്കി. ഒരു ദിവസം രാത്രിയിൽ ഉഴവൂരിൽനിന്നും മൂന്നുപേർ എന്റെ വീട്ടിലെത്തി. ഇപ്പോഴത്തെ മെത്രാൻ മാർ മൂലേക്കാട്ടിലിന്റെ പിതാവ് ജോൺ സാറും മൂലേക്കാട്ടിലിന്റെ അമ്മാവൻ അബ്രാഹം കൈപ്പാറേട്ടും ഉഴവൂരുകാരൻ കുഞ്ഞേപ്പുസാറും ആയിരുന്നു ആ മൂന്നുപേർ. അവർ എന്നോട് അവരുടെ പ്രശ്നം അവതരിപ്പിച്ചു.

ഉഴവൂർ ഫൊറോനയിലെ വിശ്വാസികൾ കൈയയച്ച് സംഭാവന ചെയ്താണ് ഉഴവൂർ കോളജ് തുടങ്ങിയത്. അങ്ങനെ ഉഴവൂരുകാരുടേതു മാത്രമായിരുന്ന കോളേജ് പള്ളിയോഗത്തോടുപോലും ആലോചിക്കാതെ രൂപതയിലേക്ക് ഏറ്റെടുത്തതിലുള്ള പ്രതിഷേധമായിരുന്നു ഇവരെ എന്റെ വീട്ടിലേക്ക് നയിച്ചത്. അവർ മുണ്ടശ്ശേരി മാസ്റ്ററേയും സമുദായത്തിലെ പല പ്രമാണിമാരേയും കണ്ടതിനുശേഷമാണ് എന്റെ അടുക്കൽ എത്തുന്നത്. ഞാനോ നിസ്സഹായനായിരുന്നു. അന്ന് ഞാൻ ഓശാന സ്ഥാപിച്ചിരുന്നില്ല. ഒരു ലഘുലേഖ അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. അത് ഇവർ കണ്ടിരുന്നു. ഞാൻ പറഞ്ഞു; ഞാൻ എന്തു ചെയ്യാനാണ്. ഞങ്ങൾ കുറച്ചുനേരം സഭയിൽ നടക്കുന്ന അനീതികളെക്കുറിച്ചു സംസാരിച്ചു. അവർ പോകാൻ നേരത്ത് എന്നോടു പറഞ്ഞു; ഏതായാലും സാർ ഉഴവൂർ വരെ വരണം. അതിന് ഒരു ജീപ്പ് ഏർപ്പാട് ചെയ്തിട്ടുണ്ട്.

പിറ്റേദിവസം വൈകുന്നേരം അവർ പറഞ്ഞുറപ്പിച്ച സമയത്തു തന്നെ ജീപ്പ് വരുകയും ഞാൻ രണ്ടുമൂന്നു സുഹൃത്തുക്കളോടുകൂടി ഉഴവൂർക്കു പോകുകയും ചെയ്തു. മീറ്റിംഗ് കൂടിയിരുന്നത് കുഞ്ഞേപ്പുസാറിന്റെ വീട്ടിലായിരുന്നു. പത്തും എഴുപതും വയസ്സു കഴിഞ്ഞ കാരണവന്മാരായിരുന്നു മീറ്റിംഗിന് എത്തിയിരുന്നത്. അവർ കോളേജ് പ്രശ്നം ഓരോന്നായി അവതരിപ്പിച്ചു. ജൂണിയർ കോളേജ് തുടങ്ങുന്നതിനുള്ള പണം മുഴുവനും ഇടവകക്കാരാണ് മുടക്കിയത്. അവരോട് ഒന്നാലോചിക്കാതെ ആ കോളേജ്

മെത്രാൻ ഏറ്റെടുത്തത് സാമാന്യനീതിക്ക് നിരക്കുന്നതല്ല. വൃദ്ധന്മാരായ ഈ ആൾക്കൂട്ടം വികാരഭരിതരായിരുന്നു. എനിക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. ഞാൻ പറഞ്ഞു എനിക്ക് ഒന്നും ചെയ്യാനില്ല. ഞാൻ നിസ്സഹായനാണ്. നമുക്ക് ഈ അപകടത്തിൽ നിന്നും രക്ഷപെടാൻ സഭയിലെ ആദ്യ രക്തസാക്ഷിയായ എസ്തപ്പാനോസിനോട് പ്രാർഥിക്കാം. മെത്രാന്റെ കണ്ണുതുറപ്പിക്കാൻ വേണ്ടി ഉഴവൂർ പള്ളിയുടെ ഏഴു മേഖലകളിലേക്ക് എസ്തപ്പാനോസ് പുണ്യവാന്റെ തിരുസ്വരൂപം എടുത്തുകൊണ്ട് ഒരു പെരുന്നാൾ നടത്തണമെന്ന് ഞാൻ നിർദേശിച്ചു. (എസ്തപ്പാനോസ് പുണ്യവാളന്റെ നാമധേയത്തിലായിരുന്നല്ലോ പള്ളിയും കോളേജും) സദസ് ഒന്നടങ്കം ഈ നിർദേശത്തെ അംഗീകരിച്ചു.

ഈ രൂപപ്രദക്ഷിണത്തിനുവേണ്ട കാര്യങ്ങൾ ചെയ്യുന്നതിനു ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. നൊവേനയ്ക്ക് ആവശ്യമായ പ്രാർഥനയും ഞാൻ നൽകി. ഏഴാം ദിവസം നൊവേന നടത്തേണ്ടത് ഉഴവൂരുള്ള കപ്പേളയിലാണെന്നും നിശ്ചയിച്ചു. അന്നേദിവസം വൈകുന്നേരം കൊല്ലംകാരായ രണ്ട് മൂന്ന് അത്മായരും ഞാനും അന്നു തടിച്ചുകൂടിയിരുന്ന ജനങ്ങളോട് സംസാരിച്ചു. മീറ്റിംഗ് രണ്ടാം നിലയിലായിരുന്നു. ഞാൻ രണ്ടാം നിലയിലെ മീറ്റിംഗിനു കതകടച്ചിരുന്നാണ് പ്രസംഗിച്ചത്. മീറ്റിംഗിൽ ഒരു വിഭാഗം ജനം രണ്ടാം നിലയിൽ കയറി ഞാൻ പുറത്തിറങ്ങി പ്രസംഗിക്കണമെന്ന് ആവശ്യപ്പെട്ടു. ഞാൻ അനുസരിച്ചു. ഏതായാലും രൂപപ്രദക്ഷിണം വൻവിജയമായിരുന്നു. മാത്രമല്ല അത് ഉഴവൂർ ഇടവകയെ ഇളക്കിമറിച്ചു. അടുത്ത നടപടി എന്താണെന്നായി അടുത്ത ചോദ്യം. കോട്ടയം മെത്രാസന അരമനയിൽ സത്യാഗ്രഹം ഇരിക്കണമെന്ന് തീരുമാനിച്ചു. അതിനുള്ള ദിവസവും നിശ്ചയിച്ചു. അന്ന് നാലു മണിക്ക് കോട്ടയം ബി.സി.എം. കോളേജിൽ വെച്ച് തറയിൽ മെത്രാൻ ഇടവകക്കാരോട് സംസാരിക്കാമെന്ന് തീരുമാനിച്ചിരുന്നു. അന്ന് 3 മണികഴിഞ്ഞപ്പോഴാണ് എനിക്ക് കോട്ടയം ബി.സി.എം. കോളേജിൽ എത്താൻ കഴിഞ്ഞത്. അവിടെ ചെന്നപ്പോൾ ഞാൻ മനസ്സിലാക്കി യോഗം അലസിപ്പിരിഞ്ഞു എന്ന്. മെത്രാനും വികാരി ജനറാളും മറ്റും ഉൾപ്പെട്ട വൈദികരും യോഗസ്ഥലത്തുനിന്നും പുറംവാതിലിലൂടെ ഇറങ്ങി അരമനയിലേക്കുപോയി. ഞാൻ ബി.സി.എം. കോളേജിന്റെ ഒന്നാംനിലയിലെ വരാന്തയിൽ യോഗത്തിനു വന്ന ഉഴവൂർ ഇടവകാംഗങ്ങളുമായി സംസാരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. അപ്പോൾ ഒരു അച്ചൻ ക്ഷുഭിതനായി എന്റെ അടുക്കൽവന്നു എന്റെ പേരു ചോദിച്ചു. ഞാൻ പേരു പറഞ്ഞു. പിന്നീട് താനാണോ ഈ ഇടവകക്കാരെ ഇളക്കുന്നത് എന്ന് ക്ഷോഭിച്ചുകൊണ്ട് ചോദിച്ചു. ഉടനെ എന്റെ ചുറ്റും കൂടി നിന്നവർ അയാളെ പിടിച്ചോ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞ് അച്ചന്റെ അടുക്കലേക്ക് ഓടി. അച്ചനാകട്ടെ അവിടെനിന്നും ഓടി മെയിൻറോഡ് കടന്ന് അരമനയിൽ എത്തി അകത്തേക്കുപോയി. (പിന്നീട് കോട്ടയം രൂപതയുടെ വികാരി ജനറാൾ ആയ ഫാ. കൊല്ലാപറമ്പിൽ ആയിരുന്നു ആ വൈദികൻ) കുറേക്കഴിഞ്ഞപ്പോൾ അരമന

യിൽനിന്നും ഒരാൾ വന്ന് ജോസഫ് പുലിക്കുന്നേൽ ഇവിടെയുണ്ടോ പിതാവിനു കാണണം എന്നു പറഞ്ഞു. ഞാൻ പോകാൻ തയ്യാറായപ്പോൾ എന്റെ ചുറ്റും കൂടിയിരുന്ന ജനം എന്നെ വിടാൻ അനുവദിച്ചില്ല. മെത്രാൻ അരമനയിലേക്ക് ക്ഷണിച്ചത് എന്നെ പോലീസിൽ ഏല്പിക്കാനാണെന്നു ആളുകൾ പറഞ്ഞു. കാരണം പള്ളിയുടെ മുറ്റത്ത് കുറച്ച് പോലീസുകാർ നിൽക്കുന്നുണ്ടായിരുന്നു. ഏതായാലും മെത്രാൻ വിളിച്ചസ്ഥിതിക്ക് ഞാൻ പോകും എന്നു പറഞ്ഞ് അരമനയിലേക്കു നടന്നു. വാതിൽ തുറന്നിട്ടിരിക്കുകയായിരുന്നു. ഞാൻ അകത്തുകയറിയപ്പോൾ ഒരു ചാരുകസേരയിൽ തറയിൽ മെത്രാൻ കിടക്കുകയാണ്. ചുറ്റും കുറെ വൈദികരും. ചാരുകസേരയിൽ കിടന്നുകൊണ്ടുതന്നെ മെത്രാൻ എന്റെ പേരും വീട്ടുപേരും എല്ലാം ചോദിച്ചു. നീയാണോ ഈ ജനങ്ങളെ എനിക്കെതിരെ ഇളക്കുന്നത് എന്ന് ചോദിച്ചു. ഞാനാരെയും ഇളക്കുന്നില്ലെന്നും പിതാവിന്റെ അജഗണങ്ങളാണല്ലോ ഇവിടെ കൂടിയത് അവരുടെ ആവശ്യം അറിഞ്ഞ് അവരുടെ സങ്കടം പരിഹരിക്കാനല്ലേ പിതാവ് നോക്കേണ്ടത് എന്നും ഞാൻ തിരിച്ചു ചോദിച്ചു. തുടർന്നു ഞങ്ങൾ സൗഹൃദ സംഭാഷണത്തിൽ ഏർപ്പെട്ടു. മെത്രാനു ചുറ്റും കൂടിയിരുന്ന വൈദികർ അപ്രത്യക്ഷരായി. അദ്ദേഹം ചാരുകസേരയിൽനിന്നും എഴുന്നേറ്റ് പതുക്കെ വരാന്തയിലൂടെ നടക്കാൻ തുടങ്ങി. ഞാനും അദ്ദേഹത്തോടൊപ്പം നടക്കാൻ തുടങ്ങി. സംഭവ വിവരണം ചുരുക്കട്ടെ.

ഇടവകക്കാർക്ക് എന്താണാവശ്യമെന്ന് ബിഷപ്പ് ചോദിച്ചു. കയ്യിൽ എഴുതിപിടിച്ചിരുന്ന ഒരു നോട്ട് വായിച്ച് ഞാൻ പറഞ്ഞു. പിതാവേ കോളേജ് ഇടവകക്കാരുടെ വകയാണ്. അവരാണ് പണം മുടക്കിയത്. ഇടവകയോഗത്തോട് അനുവാദം ചോദിക്കാതെ കോളേജ് പിതാവ് ഏറ്റെടുത്തതാണ് പ്രശ്നം. മെത്രാൻ പറഞ്ഞു. ഇടവകയോഗംകൂടി ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ഞാൻ വികാരിയോട് പറഞ്ഞതാണ്. അത് പറയാതിരുന്നത് തെറ്റാണ്. ഈ കോളേജ് അപ്ഗ്രേഡ് ചെയ്താൽ അതിനുള്ള പണമുണ്ടാക്കാൻ ഇടവകക്കാർക്ക് കഴിയുമോ? എന്നു ചോദിച്ചു. അതുകൊണ്ടാണ് അരമന കോളേജ് ഏറ്റെടുത്തത്. ഞാൻ പറഞ്ഞു. ഇടവകക്കാരുടെ ആവശ്യം എന്താണെന്നു അവരോട് തന്നെ ചോദിക്കാം. അരമനയുടെ വാതിൽ തുറന്ന് മുറ്റത്തു കൂടിയിരുന്ന ഉഴവൂർ ഇടവകജനങ്ങളിൽ സമരവുമായി ബന്ധപ്പെട്ട രണ്ടുമൂന്നു നേതാക്കന്മാരെ ഞാൻ അകത്തേക്കു വിളിച്ചു. മൂലേക്കാട്ടിൽ ജോൺ സാറും കുഞ്ഞേപ്പുസാറും കൈപ്പാറേട്ട് അവറാച്ചനുമാണ് വന്നത്. (ഇതിൽ ആദ്യം പറഞ്ഞ രണ്ടുപേർ മരിച്ചുപോയി.) അവർ ഇടവകക്കാരുടെ അവകാശത്തെക്കുറിച്ച് സംസാരിച്ചു. കോളേജിൽ ഉഴവൂർ ഇടവകക്കാർക്ക് പ്രവേശനത്തിന് മുൻഗണന നൽകണം. അതുപോലെ കോളേജിലെ ഉദ്യോഗങ്ങൾക്ക് ഉഴവൂരുകാർക്ക് പ്രാമുഖ്യം നൽകണം. പിതാവ് പറഞ്ഞു. ഇതെല്ലാം സമ്മതിച്ചിരിക്കുന്നു. ഉടനെതന്നെ ഈ വ്യവസ്ഥകൾ ഉൾപ്പെട്ട കല്പന ഞാൻ ഇറക്കാം. ഞങ്ങൾ പുറത്തേക്കു നടന്നു. എന്റെ കൂടെ വന്നവർ അവിടെ

കൂടിയിരുന്ന ഇടവക ജനങ്ങളോട് പിതാവ് നമ്മുടെ വ്യവസ്ഥകളൊക്കെ അംഗീകരിച്ചിരിക്കുന്നു എന്നു പറഞ്ഞു. എല്ലാവരും ആഹ്ലാദത്തിൽ കൈകൊട്ടി. അപ്പോൾ പിതാവ് അരമനയുടെ വാതിൽ തുറന്നു. എല്ലാവരേയും അനുഗ്രഹിച്ചു. അങ്ങനെ ഇടവകക്കാർ പിരിഞ്ഞുപോയി. പിതാവ് പറഞ്ഞതുപോലെ ഒരു കല്പന പള്ളിയിലേക്ക് അയയ്ക്കുകയും ചെയ്തു. അങ്ങനെ ഉഴവൂർ പ്രശ്നം പരിഹരിക്കപ്പെട്ടു.

വളരെ വിശാലമനസ്സോടുകൂടിയാണ് തറയിൽ മെത്രാൻ ഇവിടെ പെരുമാറിയത്. ഈ സമരത്തിനിടയിൽ സമരക്കമ്മറ്റിയുടെ കൺവീനറായിരുന്ന കൈപ്പാറേട്ട് അവറാച്ചന്റെ അമ്മയ്ക്ക് കുർബാനകൊടുക്കാൻ വികാരി വിസമ്മതിച്ചു. ഇതിനെ നിശിതമായി വിമർശിച്ചുകൊണ്ട് ഞാൻ ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. തറയിൽ മെത്രാൻ ഉഴവൂർ പള്ളിയിൽ എത്തി കുർബാന ചൊല്ലി അവറാച്ചന്റെ അമ്മയ്ക്ക് നേരിട്ട് കുർബാന നൽകി. ഇത് വികാരി ചെയ്ത തെറ്റിന് പരിഹാരമായി കണക്കാക്കാം.

ഞാൻ ഏറ്റെടുത്ത മറ്റൊരു പ്രശ്നം : തിരുവനന്തപുരം ലൂർദു പള്ളിയുടെ കമ്മറ്റിയെ ചങ്ങനാശ്ശേരി മെത്രാൻ അകാരണമായി പിരിച്ചുവിട്ടതായിരുന്നു. ശ്രീ വി.വി.ജോസഫ് ഐ.എ.എസ്. (റിട്ട), ശ്രീ. വി.ജി.സിറിയക് ഐ.എ.എസ് (റിട്ട.) ശ്രീ. വി. എസ്. ഔസേഫ്, ശ്രീ. കുര്യൻ കുഴിവേലി മുതലായവർ കമ്മറ്റി മെമ്പർമാരായിരുന്നു. ഇടവകയോഗം പിരിച്ചുവിട്ടത് നീതിപൂർവകമല്ലായെന്ന് ഞാൻ ഒരു പ്രസ്താവന ഇറക്കി. ശ്രീ. വി. വി. ജോസഫ് ഓശാനയിൽ മെത്രാന്റെ നടപടിക്കെതിരെ ശക്തമായി വിമർശിച്ചുകൊണ്ട് ഒരു ലേഖനവും എഴുതി. ഏതായാലും ചങ്ങനാശ്ശേരി മെത്രാൻ മാർ പടിയറ ഇടവകയോഗം റദ്ദാക്കിയുള്ള കല്പന പിൻവലിച്ച് കമ്മറ്റിയെ പുനസ്ഥാപിച്ചു. പടിയറ പിതാവിന്റെ വിശാലമനസ്കതയാണ് ഇവിടെ ചൂണ്ടി കാണിക്കുന്നത്. അതിനെ അഭിനന്ദിച്ചുകൊണ്ട് ഒരു കത്ത് അന്നുതന്നെ ഞാൻ പടിയറ പിതാവിന് അയച്ചു.

വിമർശനം തിരുത്തലിനുവേണ്ടിയാണ്. തിരുത്തൽ നടത്തിയാൽ അതിനെ അഭിനന്ദിക്കേണ്ടത് വിമർശകന്റെ കടമയാണ്. എങ്കിൽ മാത്രമേ വിമർശനം ന്യായീകരിക്കപ്പെടുകയുള്ളൂ. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച സംഭവങ്ങൾ എന്റെ കഠിനമായ വിമർശനത്തിന് വിധേയമായവയാണ്. അവയെ അംഗീകരിക്കുകയും തിരുത്തുകയും ചെയ്തത് ആഹ്ലാദകരമാണ്. തിരുത്തുന്നതിന് വേണ്ടിയാണ് വിമർശിക്കുന്നത്. ഞാൻ സൂചിപ്പിച്ച സംഭവങ്ങളിൽ മെത്രാന്മാർ അവരുടെ പ്രവർത്തികൾ തിരുത്തുകയുണ്ടായി എന്നത് സന്തോഷജനകമാണ്. അവയെക്കുറിച്ചു ഞാൻ ആഹ്ലാദിക്കുന്നു. ഞാൻ ഇവിടെ എടുത്തു പ്രസ്താവിക്കുന്നു. മെത്രാന്മാരെ ഞാൻ അഭിനന്ദിക്കുന്നു. എന്റെ വിമർശനം സാധൂകരിക്കപ്പെട്ടതിൽ ഞാൻ സന്തോഷിക്കുന്നു.

എന്നാൽ പല മെത്രാന്മാരും തങ്ങളുടെ വിമർശനവിധേയമായ നടപടികൾ തിരുത്താൻ മടിച്ചിട്ടുണ്ട്. ഒരു കാര്യം ഞാൻ ഓർക്കുന്നത് തൃശൂർ

മെത്രാൻ തലോർ ഇടവകപള്ളി പിടിച്ചെടുത്തതു സംബന്ധിച്ച് ഞാൻ എഴുതിയ ലേഖനമാണ്. ആ തെറ്റുതിരുത്താൻ മെത്രാൻ തയ്യാറായില്ല.

എറണാകുളം അങ്കമാലി അതിരൂപതയുടെ കീഴിൽ വരുന്ന ഉഴുവ സെന്റ് അന്നാസ് കത്തോലിക്കാ പള്ളിയിലെ ചടങ്ങുകളിൽ മകൻ ഷിജു പങ്കെടുത്തില്ല എന്ന കാരണത്താൽ അമ്മയും പട്ടണക്കാട് ഗവ. എസ്. സി.എച്.എസിൽ പ്രധാന അധ്യാപികയുമായി റിട്ടയർ ചെയ്ത എം. പി ലീലാമ്മയുടെ മൃതദേഹം പള്ളിയിൽ അടക്കാൻ പള്ളിവികാരിയായിരുന്ന ഫാ. പി. എ ആന്റണി വിസമ്മതിക്കുകയുണ്ടായി. ഇതിനെ തുടർന്ന് അവരുടെ മൃതദേഹം ദഹിപ്പിച്ചു. ഇതും ഒരു വൈദികന്റെ അക്രൈസ്തവമായ പെരുമാറ്റമായിരുന്നു. ഇത്തരം വൈദികരുടെ പൗരോഹിത്യം എടുത്തുകളയണമെന്നുപറഞ്ഞ് ഞാൻ ഓശാനയിൽ എഴുതുകയുണ്ടായി. എറണാകുളം മെത്രാൻ ഈ വൈദികന്റെ മേൽ ഒരു നടപടിയും എടുത്തതായി അറിയുന്നില്ല.

തെറ്റുകളല്ലാ, തെറ്റുകൾ തിരുത്താത്ത ഇത്തരം സംഭവങ്ങളാണ് സഭയുടെ മുഖം വികൃതമാക്കുന്നത് എന്നുകൂടി പറയട്ടെ.

●●

(19-ാം പേജ് തുടർച്ച)

പോർട്ടുഗീസുകാർ കേരളത്തിൽ വന്ന കാലത്ത് അവർക്കു തീരെ പരിചിതമല്ലാത്ത ആചാരാനുഷ്ഠാനങ്ങളുമായി നമ്മുടെ പൂർവികരെ കണ്ടപ്പോൾ ശരിയായ ആരാധനാക്രമങ്ങളും ജീവിതശൈലിയും തങ്ങളുടേതുമാത്രമാണെന്ന് കരുതിയ പറങ്കികൾ അതെല്ലാം നസ്രാണി ക്രിസ്ത്യാനകളുടെമേൽ അടിച്ചേല്പിക്കാൻ ശ്രമിച്ചതിൽ നമ്മൾ രോഷാകുലരാണ്. എന്നാൽ പോർട്ടുഗീസുകാരുചേടതിനേക്കാൾ എത്രയോ അപകൃഷ്ടമാണ് ചങ്ങനാശ്ശേരി സഭയ്ക്ക് ഉതര രൂപതക്കാരോടും മറ്റു കത്തോലിക്കാ വിഭാഗങ്ങളോടുമുള്ള അസഹിഷ്ണുത!

## പ്രതികരണം — ജോസഫ് പുലിക്കുന്നേൽ

റീത്ത് വൈരം മൂർച്ഛിച്ച് ഇന്ന് എല്ലാ സദാചാരമൂല്യങ്ങളെയും ലംഘിക്കുന്നു. കർത്താവീശോമിശിഹാ പീഢാനുഭവം സഹിച്ച് കുരിശിൽ മരിച്ചത് ചിലർക്ക് റീത്തുകൾ ഉണ്ടാക്കി സുഖമായി ജീവിക്കാനാണെന്നു തോന്നും ഇവരുടെ പെരുമാറ്റം കണ്ടാൽ. ഇവരുടെ ചെയ്തികളിൽ മാർത്തോമ്മായുടെ നിയമം എവിടെ? അധികാരവും സമ്പത്തും വർദ്ധിപ്പിക്കാനുള്ള ഒരു കുത്സിത മാർഗം മാത്രമാണ് റീത്ത് വൈരം. ഇതു മനസ്സിലാക്കാൻ കത്തോലിക്കർക്ക് കഴിയണം. ഇല്ലെങ്കിൽ ഇതൊക്കെ സംഭവിക്കും. മെത്രാന്റെ കല്പന ദൈവകല്പനയാണെന്നു വ്യവഹരിക്കുന്നവർ ദൈവദോഷമാണ് ചെയ്യുന്നത്. ഇതിന് പരിഹാരം എന്ത്?

□□

# ദേവാലയനിർമാണം ഭ്രാന്തായി മാറുന്നു

**പ്രൊഫ. പി. എൽ. ലൂക്കോസ്**

ആറേഴു മാസങ്ങൾക്കു മുമ്പ് തിരുവനന്തപുരത്തു കേശവദാസപുരം ജംഗ്ഷനിലുള്ള നസ്റത്ത് ചാപ്പലിൽ ലൂർദ് ഫൊറോനയിലെ അസിസ്റ്റന്റ് വികാരി പ്രസംഗത്തിനിടയിൽ ചെയ്ത വിളംബരം ഇങ്ങനെ: “കേശവദാസപുരത്ത് ഒരു സീറോ മലബാർ പള്ളി പണിയണമെന്നു അഭിവന്ദ്യപിതാവു കല്പിച്ചിരിക്കുന്നു. പിതാവിന്റെ കല്പന ദൈവകല്പനയ്ക്കു തുല്യമാണെന്ന് എല്ലാവരും കരുതണം.” ഇക്കഴിഞ്ഞ സെപ്റ്റംബറിൽ ഇറങ്ങിയ ലൂർദ് ബുള്ളറ്റിനിൽ വികാരി ജനറൽ ഫാദർ മാണി പുതിയിടം പ്രസ്താവിച്ചു, “സഭ തീർത്തും ജനാധിപത്യമല്ല, ഏകാധിപത്യവുമല്ല; അതു ദൈവാധിപത്യമാണ്.” 1643 മുതൽ 1715 വരെ ഫ്രാൻസിലെ ഏകാധിപതിയായിരുന്ന ലൂയി പതിനാലാമൻ തന്റെ സേച്ഛാഭരണം ദൈവദത്തമാണെന്നും ഭൂമിയിൽ താനാണ് ദൈവത്തിന്റെ പ്രതിനിധി എന്നും അവകാശപ്പെട്ടിരുന്നു. വേഴ്സയ്ൽസ് കൊട്ടാരം ഉൾപ്പെടെയുള്ള ഒട്ടേറെ ആഡംബരസൗധങ്ങൾ കെട്ടിപ്പൊക്കുന്നത് അദ്ദേഹത്തിനു വലിയ ഹരമായിരുന്നു. തങ്ങൾ പറയുന്നതും ചെയ്യുന്നതും ദൈവം കല്പിയ്ക്കുന്നതിനു തുല്യമാണെന്ന അവകാശവാദവും നാടുനീളെ പള്ളികൾ പണിയിച്ച് പ്രൗഢികാണിയ്ക്കാനുള്ള തത്രപ്പാടും അധികാരത്തിന്റെ ഗർവും കാണുമ്പോൾ ലൂയി പതിന്നാലാമന്റെ പ്രേതം നമ്മുടെ ചില മെത്രാന്മാരെയും വൈദികരെയും ബാധിച്ചിട്ടുണ്ടോ എന്നു സംശയിക്കാം. ആറുദശകങ്ങൾ മുൻപു ചങ്ങനാശ്ശേരിക്ക് കിഴക്ക് കുത്രപ്പള്ളിയിൽ “ദൈവം” എന്നു നാട്ടുകാർ വിളിച്ചിരുന്ന ഒരാൾ ജീവിച്ചിരുന്നു. ആവേശിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ ദുരാത്മാവുമാകാം! നമ്മുടെ മെത്രാന്മാരുടെയും വൈദികരുടെയും മഹത്വം നമ്മൾ മറക്കാതിരിയ്ക്കാൻ കുർബാനയ്ക്കിടയിലുള്ള കാറോസൂസായിൽ (ഏലിയാ-സ്ലീവ-മൂശെക്കാലങ്ങൾ) നമ്മൾക്കായി തന്ത്രപൂർ വം കുത്തിത്തിരുകിയിരിയ്ക്കുന്ന പ്രാർഥന ശ്രദ്ധിച്ചിട്ടില്ലേ? “പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിയ്ക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായേ ഞങ്ങളുടെ മേലധികാരികളിൽ നിന്നെ ദർശിയ്ക്കുവാനും അവരുടെ ആജ്ഞകളനുസരിയ്ക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.” നമ്മുടെ ചില മെത്രാന്മാരിലും ഒട്ടേറെ വൈദികരിലും നമ്മൾ മിശിഹായെ ദർശിക്കണമെന്നുള്ള വ്യാമോഹം മിശിഹായ്ക്ക് എത്ര വലിയ അപമാനവും നിന്ദനവുമായിരിക്കണം.!

തലസ്ഥാനനഗരത്തിലെ സുപ്രധാനഭാഗങ്ങളിലൊന്നായ കുറവൻകോണത്ത് ലൂർദ്പള്ളി വക 33 സെന്റ് സ്ഥലമുണ്ടായിരുന്നു. ഇടവകജനങ്ങൾക്കും ലൂർദ്മാതാ എൻജിനീയറിംഗ് കോളേജ് വിദ്യാർഥികൾക്കുമായി ആ സ്ഥലത്ത് ഒരു സോഷ്യൽ സെന്റർ തുടങ്ങാൻ മുൻവി

കാരി കുറിഞ്ഞിപ്പറമ്പിലച്ചൻ ഉദ്ദേശിച്ചിരുന്നു എന്നു കേട്ടിട്ടുണ്ട്. എന്നാൽ സെന്റിന് 20 ലക്ഷം നിരക്കിൽ മൊത്തം 6.6 കോടി രൂപ വിലമതിപ്പുണ്ടായിരുന്ന ആ സ്ഥലം ഇടവകക്കാർ ആരും തന്നെ അറിയാതെ 2012 മെയ് മാസത്തിൽ ഫാ. ജോൺ വി. തടത്തിൽ സൂത്രത്തിൽ വിറ്റു. ഇടവകക്കാരുടെ പൊതുയോഗം വിളിച്ചുകൂട്ടി ചർച്ചചെയ്തിട്ടേ പള്ളിയുടെ സ്വത്തു വിൽക്കാൻ പാടുള്ളു എന്ന് നിയമമില്ലേ? 6.6 കോടിയ്ക്കുപകരം രണ്ടേകാൽ/രണ്ടരക്കോടിക്കാണു വിറ്റതെന്നു പറയപ്പെടുന്നു. ആ പണം കൊണ്ട് കഴക്കൂട്ടത്ത് വയൽ നികത്തിയതും Green strip-ൽ ഉൾപ്പെട്ടതുമായ 50/53 സെന്റുസ്ഥലം വാങ്ങി. നിർമ്മാണമേഖലയിൽ കർശനനിയന്ത്രണങ്ങളുള്ള ആ സ്ഥലത്ത് പള്ളി പണിയാൻ ഒരിയ്ക്കലും അനുവാദം കിട്ടിയില്ലെങ്കിൽ എന്തുകുഴപ്പം? അവിടെ വാഴവെയ്ക്കാമല്ലോ; കപ്പയും നടാം! കുറവൻകോണത്ത് തുച്ഛമായ വിലയ്ക്കു വിറ്റ സ്ഥലത്ത് 12 നിലകളുള്ള കെട്ടിടം ഇപ്പോൾ ഉയർന്നു കഴിഞ്ഞു!

ഒരു വർഷം മുൻപ് പരുത്തിപ്പാറയ്ക്കും മാർ ഇവാനിയോസ് കോളേജിനും ഇടയ്ക്ക് പാറോട്ടുകോണത്തേയ്ക്കുള്ള ഇടവഴിയിൽ പള്ളി പണിയാൻ ധിഷണാശാലികളായ ചില വൈദികരും അവരുടെ ശിങ്കിടികളും കൂടി 20(?) സെന്റു സ്ഥലം കണ്ടെത്തി അഡ്വാൻസ് കൊടുത്തു. മൊത്തം വിലയർത്ഥം പിരിച്ചെടുക്കാൻ സാധിച്ചില്ല; അഡ്വാൻസ് നഷ്ടപ്പെട്ടു കൊണ്ടു പിൻവാങ്ങി. ബാർസോപ്പുപോലെ പിറകോട്ടു നീണ്ടുകിടന്ന ആ സ്ഥലം കച്ചവടമുറപ്പിച്ചത് സെന്റിനു 14 ലക്ഷത്തിന്! പള്ളിക്കാർ പിൻമാറിയപ്പോൾ ഉടമസ്ഥൻ ആ സ്ഥലം വിറ്റത് എട്ടു ലക്ഷം നിരക്കിലാണെന്ന് ജന സംസാരം!

നാഷണൽ ഹൈവേ എം. സി. റോഡുമായി ചേരുന്ന കേശവദാസപുരം ജംഗ്ഷനിൽ "നസ്രത്ത് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി" വക ഒരു ചാപ്പലുണ്ട്. എം. സി. റോഡിൽ നിന്നു നേരേ പ്രവേശനം. 80-100 പേർക്കുള്ള സ്ഥലസൗകര്യമുണ്ട്. ലൂർദ്ഫൊറോനായിലെ അസിസ്റ്റന്റ് അച്ചന്മാരിൽ ഒരാൾ ഈ ചാപ്പലിൽ കുർബാന അർപ്പിക്കുന്നു. ഈ ചാപ്പലിൽ നിന്ന് 50-60 മീറ്റർ നേരെ പടിഞ്ഞാറ്, ചൈതന്യ ഹോസ്പിറ്റലിന്റെ എതിർവശത്തുള്ള ഇടവഴിയിൽ (സാഫല്യം നഗർ) പള്ളി പണിയിക്കാൻ തകൃതിയായി പിരിവു നടക്കുകയാണ്. കഷ്ടിച്ച് ഒരു കാർ പോകാനുള്ള വീതിയേ ആ ഇടവഴിക്കുള്ളൂ. എതിരെ ഒരു സ്കൂട്ടർ വന്നാൽ വിഷമിക്കും. പ്രായമുള്ളവർക്കു നടന്നു കയറാൻ പറ്റാത്ത കയറ്റം. ഈ ഇടവഴിയിൽ 24 സെന്റിന് അഡ്വാൻസ് കൊടുത്തുകഴിഞ്ഞു. രജിസ്ട്രേഷൻ ചെലവുകൾ ഉൾപ്പെടെ സ്ഥലത്തിനു മാത്രം നാലുകോടി. തിരക്കേറിയ കേശവദാസപുരം ജംഗ്ഷനിലോ മൂന്നു ദിശകളിലേയ്ക്കുള്ള റോഡുകളിലോ ഇരുചക്രവാഹനങ്ങൾക്കുപോലും പാർക്കു ചെയ്യാൻ അനുവാദമില്ല. ഇതിനെല്ലാം പുറമേ മോണോറെയിൽ കടന്നുപോകുന്നത് ഈ ജംഗ്ഷനിൽ കൂടിയാണ്. 2017-ൽ പണിതുടങ്ങും. അന്യ മതക്കാർ തിങ്ങി ഞെരുങ്ങി താമസിക്കുന്ന ഇടവഴിയിൽ പള്ളി പണിയാൻ തുടങ്ങുമ്പോൾ അയൽക്കാ

രുടെ പ്രതികരണം എന്തായിരിക്കുമെന്ന് ആരും തിരക്കിയിട്ടില്ല! “Common sense is the most uncommon thing in the world” എന്ന് ബർണാർഡ് ഷാ പറഞ്ഞത് ഇവിടെ തികച്ചും അന്വർത്ഥമാകുന്നു!

കേശവദാസപുരം-പരുത്തിപ്പാറ പ്രദേശത്തുവസിക്കുന്ന സീറോ മലബാറുകാരുടെ ഒരു യോഗം വിളിച്ചുകൂട്ടി, പുതിയ ഒരു ദേവാലയം അവർക്കായി നിർമ്മിക്കേണ്ടതുണ്ടോ, അതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താമോ, പുതിയ പള്ളിക്കായി എത്ര രൂപ വീതം ഓരോ കുടുംബത്തിൽ നിന്നും പിരിയ്ക്കാനാകും എന്നൊക്കെ തിരക്കാനുള്ള ഔചിത്യം പോയവരും വന്നവരുമായ ലൂർദ് ഭരണാധികാരികൾ കാണിച്ചില്ല. 25 വർഷം മുൻപ് ഇടവകക്കാരെയെല്ലാം ഞെക്കി പിഴിഞ്ഞ് പണം വാങ്ങിച്ചാണ് ലൂർദ് പള്ളി പണിയിച്ചത്. രണ്ടര ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ പുതിയപള്ളിയ്ക്കായി രണ്ടു ലക്ഷം വീതം തരാമെന്ന് സമ്മതപത്രത്തിൽ ഒപ്പിടാൻ നിർബന്ധിക്കുന്നത് എത്രമാത്രം അനുചിതമാണ്.!

ഏതെങ്കിലുമൊരു സ്ഥലത്ത് പുതിയതായി ഒരു പള്ളി വേണമോ വേണ്ടയോ എന്ന് തീരുമാനിയ്ക്കാനുള്ള പൂർണമായ അവകാശം ആ സ്ഥലവാസികളായ വിശ്വാസികളുടെ സമൂഹത്തിനായിരിക്കണം. ആവശ്യമില്ലാത്ത ഒരു പള്ളി ഉന്നതങ്ങളിൽ നിന്ന് വിശ്വാസികളുടെ തലയ്ക്കു മുകളിലേയ്ക്കു കെട്ടിയിറക്കുന്നെങ്കിൽ അതിന്റെ ചെലവു മുഴുവൻ കെട്ടിയിറക്കുന്ന ഉന്നതന്മാർ തന്നെ വഹിയ്ക്കണം എന്നു പറയാനുള്ള ചുണയും തന്റേടവും വിശ്വാസികൾക്കുണ്ടാകണം. പഠിച്ച് കാര്യങ്ങൾ വിശകലനം ചെയ്യാനും ചിന്തിക്കാനും ചോദ്യങ്ങൾ ചോദിയ്ക്കാനും ആവശ്യമെങ്കിൽ സംഘടിതമായി പ്രതികരിയ്ക്കാനും തയ്യാറായില്ലെങ്കിൽ ഇതുപോലുള്ള സംഭവങ്ങൾ നൂറിരട്ടിയായി ആവർത്തിയ്ക്കപ്പെടും. മിണ്ടാപ്രാണികളായ ആടുകളെ മേയ്ക്കുന്നതാണല്ലോ “അജപാലനശുശ്രൂഷ”! പിണ്ടിപ്പുഴുതിന്നു ദ്രവിച്ച വാഴപ്പിണ്ടിപോലെ തകർന്ന നട്ടെല്ലുകളും തളർന്ന നാവുകളുമായി അത്മായർ കാഴ്ചക്കാരായിനിന്നാൽ ഇടയന്മാരുടെ ദുർഭരണം കൂടുതൽ വഷളാകും. കുനിയാൻ പറയുമ്പോൾ മുട്ടിലിഴയാൻ നമ്മൾ തയ്യാറായി നിന്നാൽ പിന്നെന്താണ് രക്ഷാമാർഗം?

നസ്രത്ത് ചാപ്പലിൽ നിന്ന് പട്ടം സെന്റ് മേരീസ് കത്തീഡ്രലിലേക്ക് 200 മീറ്റർ ദൂരമേയുള്ളൂ. മനോഹരമായ ഒരു കലാസൃഷ്ടിയാണ് പട്ടം ഭദ്രാസന ദേവാലയം; വിശാലമായ കുന്നിൻപുറത്ത് 1500 പേർക്ക് സ്ഥലസൗകര്യമുള്ള പള്ളി. കേശവദാസപുരത്തുനിന്ന് 600 മീറ്റർ വടക്കോട്ടു പോയാൽ ദിവ്യ രക്ഷകസഭയുടെ ഹോളിക്രോസ് പള്ളി. ലാളിത്യം എത്ര സുന്ദരമാണെന്നറിയാൻ ഈ പള്ളി കാണണം. വിശാലമായ പള്ളിയും വിസ്തൃതമായ പരിസരവും. പട്ടം, മുട്ടട പള്ളികളുടെ സെമിത്തേരികളിൽ എത്രയോ സീറോമലബാറുകാർ അന്ത്യവിശ്രമം കൊള്ളുന്നു! ലൂർദ് പള്ളിയും, മെഡിക്കൽ കോളേജ്, പോങ്ങുംമൂട്, മണ്ണന്തല പ്രദേശങ്ങളും ഉൾപ്പെടുത്തി ആറുകിലോമീറ്റർ വ്യാസമുള്ള ഒരു വൃത്തം വരച്ചാൽ അതി

നുള്ളിൽ പതിനൊന്നു കത്തോലിക്കാ ദേവാലയങ്ങൾ കാണാം; അങ്ങെണ്ണം സീറോമലബാർ റീത്തുവക. ഇനി പന്ത്രണ്ടാമത്തെ പള്ളിക്കുള്ള ശ്രമം ദൈവാധിപത്യം സ്ഥാപിക്കാനോ "നിലയ്ക്കൽ" ആവർത്തിക്കാനോ?

മലങ്കര ലത്തീൻ സമുദായങ്ങളോടുള്ള അസ്പൃശ്യത മാത്രമാണ് പുതിയ സീറോ മലബാർ പള്ളിപണിയാനുള്ള ചേതോവികാരം. മുട്ടട പള്ളിയുടെ ചുറ്റുവട്ടത്തിൽ താമസിക്കുന്ന സീറോമലബാറുകാരുടെ പ്രാർത്ഥനായോഗത്തിനെത്തിയ ലൂർദ്ഫൊറോന വികാരി ക്രൂദ്ധനായി "നിങ്ങളെല്ലാം മുക്കുവരുടെ പള്ളിയിലാണോ പോകുന്നത്" എന്നു ചോദിച്ചെന്നു കേട്ടു.! സംസ്ക്കാരമുള്ള ആരും ലജ്ജിച്ചുതലകുനിച്ചുപോകും! ലോകമെമ്പാടുമുള്ള ലത്തീൻ സഭയുടെ ആചാരാനുഷ്ഠാനങ്ങളെല്ലാം തിരസ്കരിക്കാനാണല്ലോ ചങ്ങനാശ്ശേരി പ്രാദേശിക സഭക്കാരുടെ തീവ്രശ്രമം. എന്നാൽ വൈദികരുടെയും വൈദിക മേലദ്ധ്യക്ഷന്മാരുടെയും അധികാരാവകാശങ്ങൾ അരക്കിട്ടുറപ്പിക്കാനായി പാശ്ചാത്യ സഭയുടെ കാനൻ നിയമങ്ങളും മറ്റു ദണ്ഡനോപാധികളും ചങ്ങനാശ്ശേരി സഭയ്ക്കു വേണം! "മാർത്തോമ്മായുടെ മാർഗം" തന്ത്രപൂർവം വിസ്മരിച്ചു. സ്വർഗത്തിന്റെ ഒരുഭാഗം ചങ്ങനാശ്ശേരി സഭക്കാർക്കായി വേലികെട്ടി വേർതിരിച്ചിട്ടിരിയ്ക്കയാണ്. ഫ്രാൻസീസ് മാർപാപ്പായെപോലും അവിടെ പ്രവേശിപ്പിയ്ക്കുകയില്ല! മുക്കുവൻ എന്നു വിളിച്ച് ആട്ടിയോടിയ്ക്കും!

പൗരാണികതയുടെയും പാരമ്പര്യത്തിന്റേയും പൈതൃകത്തിന്റേയും പെരുമ്പറ മുഴക്കുന്നവർ കന്യാകുമാരി ജില്ലയിലെ നാടാന്മാരെ മാമ്മോദീസാ മുക്കി സീറോ മലബാറുകാരാക്കിയത് എന്തിന്? ബിഷപ്പ് രാജേന്ദ്രനെ എന്തിനു മെത്രാനായി വാഴിച്ചു? ലത്തീൻ സമുദായക്കാർക്കില്ലാത്ത എന്ത് മാന്യതയും പാരമ്പര്യവുമാണ് നാടാർ സമുദായത്തിനുള്ളത്? നാഗർകോവിലിൽ താമസിക്കുന്ന ഏതാനും സീറോമലബാർ കുടുംബക്കാരെ ഉദ്ദേശിച്ചല്ല തക്കല രൂപത തുടങ്ങിയതെന്നും മൂവ്വായിരത്തോളം സീറോ മലബാർ കുടുംബങ്ങളുള്ള തലസ്ഥാന നഗരം പരിഗണിയ്ക്കാതെ നേരേ തക്കലയിലേക്ക് ഓടിയത് ചങ്ങനാശ്ശേരിയ്ക്കു തിരിച്ചു വരാത്ത വിധം ബിഷപ്പ് ആലഞ്ചേരിയെ നാടു കടത്താനുള്ള ഗൂഢതന്ത്രമായിരുന്നു എന്നും കാര്യങ്ങൾ വേണ്ട വിധം നിരീക്ഷിക്കുന്ന എല്ലാവർക്കുമറിയാം. പരിശുദ്ധാരൂപിയുടെ കൃപയാൽ ബിഷപ്പ് ആലഞ്ചേരി കർദിനാളായി. സീറോ മലബാറുകാരായപ്പോൾ, പിന്നോക്ക സമുദായക്കാർക്ക് സർക്കാർ കൊടുത്തിരുന്ന ആനുകൂല്യങ്ങൾ കിട്ടാതായതോടെ തക്കലയിലെ സീറോക്കാർ കൂട്ടത്തോടെ സഭ വിട്ടുപോകുന്നു എന്നു കേൾക്കുന്നു! ബിഷപ്പ് രാജേന്ദ്രനെ ചങ്ങനാശ്ശേരിയിൽ അടുത്ത മെത്രാനാക്കുമോ?

സീറോ മലബാർ ഹയരാർക്കിക്ക് ലത്തീൻ, മലങ്കര സഭകളോടുള്ള സ്പർദ്ധയുടേയും വിദ്വേഷത്തിന്റേയും ഭിന്നതയുടെയും ശാശ്വതസ്മാരകമായിരിക്കും കേശവദാസപുരത്തു പണിയാൻ പോകുന്ന പുതിയ പള്ളി.

(ശേഷം പേജ് 15)

# മതവും ആദ്ധ്യാത്മികതയും

മതങ്ങളെല്ലാംതന്നെ ആദ്ധ്യാത്മികതയെക്കാൾ ആചാരങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ഒരു കാലഘട്ടമാണിത്. ആദ്ധ്യാത്മികതയുടെ മറവിൽ ആചാരങ്ങൾ എന്നു പറയുന്നതാവും ശരി. ആദ്ധ്യാത്മികതയെന്നത് പഴയകാല ഋഷിമാരിലും ചില വിശുദ്ധന്മാരിലും കുറേ സന്യാസിമാരിലും ഒതുങ്ങിനിൽക്കുന്നു. അവരുടെ ഓർമ്മകളാവട്ടെ, വലിയ ആഘോഷങ്ങൾക്കും പുതിയ ആചാരങ്ങൾക്കും കാരണമായും ഇരിക്കുന്നു.

ആചാരങ്ങളുടെ സാംഗത്യത്തെക്കുറിച്ചോ അർത്ഥവ്യാപ്തിയെക്കുറിച്ചോ ആരുംതന്നെ ചിന്തിക്കുന്നില്ല. ഒരളവുവരെ ക്രിസ്തുവിനുമുമ്പുള്ള യഹൂദചരിത്രത്തിലേക്കു നാം ഒരു മടക്കയാത്ര നടത്തുകയാണോ എന്നു ഭയം തോന്നുന്നു. കാരണം അക്കാലത്ത്, ദൈവത്തിൽനിന്നകന്ന മനുഷ്യൻ ദൈവത്തെ പ്രസാദിപ്പിക്കുവാനുള്ള പരിശ്രമത്തിൽ ദൈവം തന്നെ സൃഷ്ടിച്ചുനൽകിയ പക്ഷിമൃഗാദികളെ ബലിയർപ്പിച്ചു തൃപ്തിപ്പെട്ടിരുന്നു. ഇതിനൊരറുതി വരുത്താൻ ദൈവം മനുഷ്യനായി അവതരിച്ചു. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിനും മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തിനും തുല്യത നൽകി സ്നേഹം എന്ന വ്യാഖ്യാനവും കൊടുത്തു.

ഇസ്രായേൽജനം ചുറ്റുമുള്ള ജാതികളിൽനിന്ന് ദൈവത്തിനു നിരക്കാത്ത അനേകം നിരർത്ഥകമായ ആചാരങ്ങൾ സ്വായത്തമാക്കിയതുപോലെ ഇന്ന് ക്രൈസ്തവസഭകളും ചുറ്റുപാടുമുള്ള ജീവിതത്തിൽനിന്ന് ആവശ്യമുള്ളതും ഇല്ലാത്തതുമായ പല കാര്യങ്ങൾ സ്വന്തമാക്കുവാൻ ശ്രമിക്കുന്നു. ഇതിനൊരു വിവേചനം ആവശ്യമല്ലേ?

പല ആചാരങ്ങളും ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ ഭക്തികേന്ദ്രങ്ങളുടെ നടത്തിപ്പുകാർക്ക് പ്രയോജനപ്പെടുമെങ്കിലും ആദ്ധ്യാത്മിക ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുമെന്നത് ഒരു ചിന്താവിഷയമാക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ സഭകൾക്ക് ക്രൈസ്തവികത നഷ്ടപ്പെട്ടിരിക്കുന്നുവോ എന്ന് വിശ്വാസികൾ ആശങ്കപ്പെടുന്നു. പക്ഷേ ജനങ്ങളുടെ അഭിപ്രായങ്ങൾ ശ്രദ്ധിക്കാൻ ചുമതലപ്പെട്ടവർ 'ഞാനീ നാട്ടുകാരനല്ല' എന്ന രീതിയിൽ മെഗാപദ്ധതികളുമായി മുന്നോട്ടുപോകുന്നു. ഉത്തരവാദിത്തമുള്ള മറ്റു ചിലർ സഭകളുടെ വിശ്വാസാചാരങ്ങളിലുള്ള ന്യൂനതകൾ തങ്ങളുടെ പ്രസംഗവിഷയമാക്കി ദേശത്തും വിദേശത്തും കൈയടി വാങ്ങാൻ ഓടിനടക്കുന്നു. അതിനപ്പുറം ഒരു തിരുത്തലിന് അവരും മുൻകൈ എടുക്കുന്നില്ല.

എപ്പിസ്കോപ്പൽ സഭകൾക്ക് ശ്രദ്ധേയമായ മൂന്നു ഘടകങ്ങളുണ്ട് - സിനഡ്, വൈദികസംഘം, ഭക്തജനം. സിനഡിന്റെ ദർശനം (Vision of the Synod), വൈദികരുടെ സമർപ്പണം (Commitment of the Clergy, ജനങ്ങളുടെ ഭക്തി (Devotion of the Laity) -ഈ മൂന്നു ഘടകങ്ങൾ

സമഞ്ജസമായി സമ്മേളിക്കുമ്പോഴാണ് സഭാജീവിതം അർത്ഥപൂർണ്ണ മാകുന്നത്; ഇല്ലെങ്കിൽ അത് 'അർദ്ധ' പൂർണമാകും! ഇതിൽ സിനഡിന്റെ ദർശനം, വൈദികരുടെ സമർപ്പണം എന്നിവയിൽ ഒരു മൂല്യച്യുതി അനു ഭവപ്പെടുന്നു.

ഒരു കാലത്ത് സഭയുടെ നിലനിൽപ്പിനും വിശ്വാസികളുടെ ആദ്ധ്യാ ത്മികതയ്ക്കുമായിരുന്നു പ്രാധാന്യം. എന്നാലിന്ന് തങ്ങളുടെ ഇരിപ്പിട ങ്ങൾ ഭദ്രവും ആകർഷകവുമാക്കാൻ മഹാപുരോഹിതന്മാരിൽ ഒരു വിഭാഗം തത്രപ്പെടുമ്പോൾ ഭൂരിഭാഗം വൈദികർക്കും ഒരു തൊഴിൽ എന്ന തിലുപരി സഭാസേവനത്തിൽ വ്യക്തത നൽകുവാൻ കഴിയുന്നില്ല. പ്രസംഗം കൂടുതലും പ്രവൃത്തി കുറവും! തൊട്ടതിനും പിടിച്ചതിനുമെല്ലാം ജനങ്ങളെ ശകാരിക്കുന്നതാണ് തങ്ങളുടെ ജോലി എന്ന് പുരോഹിതർ കരുതുന്നു.

വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവ കൈവശം വെച്ചിരിക്കുന്ന വർ കണ്ണടച്ചിരുട്ടാക്കി മുൻപോട്ടുപോകുമ്പോൾ നിസ്സഹായരായി വഴിയ റിയാതെ നോക്കിനിൽക്കുന്ന കുഞ്ഞാടുകൾ മറ്റുമേച്ചിൽപ്പുറങ്ങൾ തേടി പ്പോകുന്നതിന് ആരെ കുറ്റം പറയും? പെന്തക്കോസ്തുസഭകളിൽ പോകു ന്നവരെക്കുറിച്ച് 20–ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പറഞ്ഞുകേട്ടിരുന്ന ചില വിദ്വേഷവചനങ്ങൾ ഈയിടെ ഒരു വൈദികൻ സ്വന്തം കണ്ടുപിടു ത്തമെന്നപോലെ വാട്സാപ്പിൽ വിതരണം ചെയ്തിരിക്കുന്നതു കണ്ടു. അതോടെ അദ്ദേഹത്തിന്റെ ജോലി തീർന്നു എന്ന് അദ്ദേഹം സമാശ്വസി ക്കുന്നു. അതിൽ തന്റെ ഇടയവേലയുടെ അപര്യാപ്തത കാണാൻ അദ്ദേ ഹത്തിനു കഴിയുന്നില്ല. മിനിമം വേജസ് ഉറപ്പുള്ളിടത്തോളംകാലം ചുമ തലപ്പെട്ടവർ ഇതു കാര്യമാക്കില്ല. പക്ഷേ പാശ്ചാത്യ നാടുകളിലെ ഒഴിഞ്ഞ ദേവാലയങ്ങൾ നമുക്കൊരു ചൂണ്ടുപലകയാണ്.

യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന കുറെ ആളുകളുണ്ട് അവർക്ക് ഭക്തിയുണ്ട്. അനുസര ണമുണ്ട്, പ്രാർത്ഥനയുണ്ട്. പക്ഷേ, അവർക്കു തൃപ്തികരമായ നേതൃത്വം ലഭിക്കുന്നില്ല എന്നത് ഖേദകരമാണ്. അവരെ തൃപ്തിപ്പെടുത്താൻ പൊള്ള യായ ആചാരങ്ങൾക്കു കഴിയുന്നതല്ല. അതിനപ്പുറമാണ് ആദ്ധ്യാത്മികത!

ആദ്ധ്യാത്മിക വളർച്ചയ്ക്ക് രമ്യഹർമ്യങ്ങളായ ദേവാലയങ്ങളോ, തട്ടുപൊളിപ്പൻ പ്രകടനങ്ങളോ, അമിതവാഗ്ദാനങ്ങളോ അല്ല ആവശ്യം. അതൊക്കെ ദൈവവിശ്വാസം പണമാക്കി മാറ്റുന്നവർക്കുള്ളതാണ്. ആരാ ധനാലയങ്ങൾ വേണ്ടെന്നല്ല അത് ആരാധനയ്ക്കുള്ളതാണോ എന്നതാണ് ശ്രദ്ധേയം. കോടികൾ മുടക്കി പുണ്യസ്ഥലങ്ങൾ പണിത്, അത്ഭുതങ്ങ ളുടെ പുകമറ സൃഷ്ടിച്ച്, ആചാരങ്ങളും അനാചാരങ്ങളും കൂട്ടിക്കുഴച്ച്, സഭാജീവിതത്തിന് ഒരു വ്യത്യസ്തമാനം നൽകുന്നതാണോ ആദ്ധ്യാ ത്മികത?

(ശേഷം പേജ് 27)

# ദൈവാരാധനയും പരിസ്ഥിതി ചിന്തകളും

**ജയിംസ് ഐസക്**

"ആലായാൽ തറവേണം, അടുത്തൊരമ്പലം വേണം
ആലിനുചേർന്നൊരു കുളവും വേണം".

കാവാലം നാരായണ പണിക്കരുടെ പ്രസിദ്ധമായ ഈ നാടൻപാട്ട് സംസ്കാര സമ്പന്നരായ കേരളീയരുടെ ക്ഷേത്ര സങ്കൽപത്തെ എടുത്തുകാട്ടുന്നു. കുട്ടനാടൻ ഗ്രാമങ്ങളിൽ ക്ഷേത്രത്തിനു സമീപം തണൽവിരിച്ചു നിൽക്കുന്ന ആൽവൃക്ഷം, ചുറ്റും ഗ്രാമസദസ്സുകൂടാൻ ഉതകുംവിധം ആൽത്തറ, സമീപത്തായി ആമ്പലും താമരയും വിരിഞ്ഞുനിൽക്കുന്ന കുളം - ഇതൊക്കെയാണു ദേവാരാധനയ്ക്കായുള്ള ക്ഷേത്രത്തിന്റെ പശ്ചാത്തലം. സംസ്കാര സമ്പന്നരായ നമ്മുടെ ഹൈന്ദവ സുഹൃത്തുക്കൾ ഈ കാഴ്ചപ്പാട് ഇന്നും തുടരുന്നു. എന്നാൽ ക്രൈസ്തവരായ നമ്മൾ പഴമയുടെ നന്മകൾ എല്ലാം കളഞ്ഞു നാഗരിക പ്രൗഢിയിൽ അഭിമാനം കൊള്ളുകയാണ്.

ചില ബാല്യകാലസ്മരണകൾ : എന്റെ പിതൃഭവനം കാവാലം എന്ന കുട്ടനാടൻ ഗ്രാമമാണ്. കുട്ടികളായ ഞങ്ങൾക്ക് ഞായറാഴ്ച പള്ളിയിൽ പോകുന്നത് വലിയ സന്തോഷം തരുന്ന അനുഭവമായിരുന്നു. വള്ളത്തിൽ ഇടത്തോടുകളിലൂടെ പോകുമ്പോൾ വെള്ളത്തിൽ പായുന്ന നീർക്കോലികളും കൊച്ചു മത്സ്യങ്ങളും വലിയ കാഴ്ചകൾ ആയിരുന്നു. കാവാലം ആറിന്റെ തീരത്തുള്ള പള്ളിക്കടവിൽ വള്ളം അടുക്കുമ്പോൾ ചാടിയിറങ്ങുന്നതും പള്ളിമുറ്റത്തു വിരിച്ച ആറ്റുമണലിൽ ചവിട്ടി നടക്കുന്നതും സന്തോഷം നൽകിയിരുന്നു. പെണ്ണുങ്ങൾ മാത്രം പള്ളിയകത്തേക്കുപോകും. പ്രായമായ പുരുഷന്മാർ പള്ളിമുറ്റത്തുള്ള മാവിൻ ചുവട്ടിൽ കുത്തിയിരുന്നാണ് കുർബാന കാണുന്നത്.

പൂർവികരെ കുറ്റം വിധിക്കുന്നതു ശരിയല്ല. അക്കാലത്ത് പള്ളിയിൽ ഫാൻ ഇല്ല. നിലത്തു കാർപറ്റ് ഇല്ല. വേനൽക്കാലത്തു പ്രകൃതി നൽകുന്ന കുളിർകാറ്റ് ഏറ്റു മാവിൻ ചുവട്ടിൽ ഇരുന്നു ദൈവസാന്നിധ്യം അനുഭവിക്കുന്നതു കുറ്റകരമാവുമോ? കുർബാന ആദ്യം മുതൽ അവസാനംവരെ സുറിയാനിയിൽ. എങ്കിലും കൂദാശാവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു വൈദികൻ തിരുവോസ്തി ഉയർത്തുമ്പോൾ ഭക്തിപാരവശ്യത്താൽ നെഞ്ചത്ത് കൈകൾവച്ച് എന്റെ കർത്താവും എന്റെ ദൈവവും എന്നു ഭക്തജനം കണ്ണീരോടെ പ്രാർത്ഥിച്ചിരുന്നു. ആ ഭക്തി പാരവശ്യം ഇന്നു ലഭിക്കുന്നില്ല എന്നതാണു യാഥാർഥ്യം. അടയാളങ്ങളെയും പ്രതീകങ്ങളെയും വിശദീകരിച്ചു പലതും കേൾക്കാറുണ്ട്.

ഹിന്ദു ക്ഷേത്രങ്ങളിലും ഏതാണ്ട് ഇതേ അനുഭവം തന്നെ. മന്ത്രം ചൊല്ലി പൂജാരി കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ കർപ്പൂര ധൂപത്തിന്റെ

പശ്ചാത്തലത്തിൽ മണിനാദം ഉയരുന്നു. ഭക്തജനം പുറത്തു നിന്നു തൊഴുകയ്യോടെ ദേവനെ ധ്യാനിക്കുന്നു. ചെറുകർമ്മങ്ങൾക്കു ശേഷം പൂജാരിയിൽനിന്നു വാങ്ങുന്ന പ്രസാദവുമായി മടങ്ങുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ആചാരങ്ങൾ ഇന്നും അതേപടി തുടരുന്നു.

കേരളത്തിനു പുറത്ത് ശക്തരായ രാജാക്കന്മാർ പ്രതാപം കാണിക്കാൻ ബ്രഹ്മാണ്ഡമായ ക്ഷേത്രങ്ങൾ പണിതിരുന്നു. യൂറോപ്പിലെ സ്ഥിതിയും ഇതുതന്നെ. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ പാരമ്പര്യങ്ങൾ വിട്ട് രാജാക്കന്മാരുടെ സാമ്പത്തിക നില അനുസരിച്ചു ദേവാലയങ്ങൾ നിർമ്മിക്കപ്പെട്ടു. പ്രകൃതിയും പരിസ്ഥിതിയും പലപ്പോഴും അവഗണിക്കപ്പെട്ടു. ഈ വൈകൃതങ്ങൾ അതേപടി അനുകരിക്കാനാണു ഇന്നു കേരളത്തിൽ ക്രൈസ്തവ സമൂഹം താൽപര്യപ്പെടുന്നത്.

സർ ചക്രവർത്തിമാർ റഷ്യയിൽ നിർമ്മിച്ചതുപോലെ സ്വർണ്ണതാഴികക്കുടങ്ങളും അലങ്കാരകുരിശുകളുമായി ഒരു ദേവാലയം മൂവാറ്റുപുഴയിൽ കാണാം. പമ്പാ നദിയുടെ തീരത്ത് പരുമലയിൽ അലക്സാണ്ട്രിയൻ കോപ്റ്റിക് ശൈലിയിൽ മറ്റൊരു ബ്രഹ്മാണ്ഡ ദേവാലയം. രൂപതകൾ എല്ലാം തന്നെ കത്തീഡ്രൽ നിർമ്മാണ വേദിയിൽ മത്സരിക്കുകയാണ്.

കർത്താവായ യേശുവിന്റെ വീക്ഷണം ഉൾക്കൊള്ളാൻ ആരും തയ്യാറല്ല. സോളമന്റെ ദേവാലയ സങ്കല്പങ്ങൾ ക്രിസ്തുവിനു സ്വീകാര്യമായില്ല. പകരം നീതിയും കരുണയും പ്രകാശിതമാകുന്ന, ദൈവസാന്നിധ്യം നിറഞ്ഞു നിൽക്കുന്ന ദേവാലയ സങ്കൽപമായിരുന്നു യേശുവിന്റേത്. ജറൂസലേം ദേവാലയത്തിന്റെ നിർമ്മാണ മാഹാത്മ്യങ്ങൾ ക്രിസ്തുവിനു ആഹ്ളാദം നൽകിയില്ല. ദൈവകോപത്താൽ തകർന്നടിയുന്ന ജറൂസലേം ദേവാലയമാണു ക്രിസ്തു ഭാവനയിൽ ദർശിച്ചത്.

ദൈവരാജ്യത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുകൾ യേശുവിനുണ്ടായിരുന്നു. കടുകുമണിയിൽ നിന്നുൽഭവിച്ചു ഈ ഭൂമിയിലെ വളവും വെള്ളവും സ്വീകരിച്ചു വലുതാകുന്ന വലിയ വൃക്ഷം. ആകാശം മുട്ടെ ഉയർന്നു നിൽക്കുന്ന വൃക്ഷത്തിന്റെ ശിഖരങ്ങളിൽ വിവിധ ഇനം പക്ഷികൾ വിശ്രമിക്കുന്ന കാഴ്ച. അതാണു ക്രിസ്തു വിഭാവന ചെയ്ത സഭ.

അമേരിക്കയിൽ 3000 വർഷം പഴക്കമുള്ള ചില വൻമരങ്ങളുണ്ട്. 20 അടിയിൽ കൂടുതൽ വ്യാസമുള്ള ഈ വൃക്ഷങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. ഇവയുടെ വേരുകൾ മണ്ണിൽ ആഴത്തിൽ പടരുന്നു. അടുത്തു നിൽക്കുന്ന മരങ്ങളുടെ വേരുകളുമായിചേർന്നു ഭൂമിയിലെ നിൽപ് ഉറപ്പുള്ളതാക്കുന്നു. കാറ്റടിച്ചാൽ വീഴുകയില്ല. വലിയ കാട്ടുതീയ്ക്കുപോലും ഈ വൃക്ഷങ്ങളെ നശിപ്പിക്കാനാവില്ല. കാട്ടുതീയുണ്ടാകുമ്പോൾ ചൂടേറ്റു പൊട്ടിത്തെറിക്കുന്ന മുകുളങ്ങൾ ഭൂമിയിൽ വിത്തുകൾ വിക്ഷേപിക്കുന്നു. ഈ വിത്തുകൾ പുതിയ മരങ്ങൾക്കു ജന്മം നൽകുന്നു. അമേരിക്കയിലെ

വൻ വൃക്ഷങ്ങൾ ക്രിസ്തു കണ്ടിട്ടില്ല. എങ്കിലും താൻ പ്രവചിച്ച ദൈവ രാജ്യം ഈ മരങ്ങൾക്കു തുല്യമാണ്.

ക്രിസ്തു ഒരു പ്രകൃതി സ്നേഹി ആയിരുന്നു. ക്രിസ്തുവിനെ ആരാധിക്കുന്ന ക്രൈസ്തവൻ പരിസ്ഥിതിയെയും പ്രകൃതിയെയും ആദരിക്കണം. അതാണു ബൈബിൾ പഠിപ്പിക്കുന്നത്.

ആലായാൽ തറവേണം എന്ന പാട്ട് എന്നെ ഈ ചിന്തകളിലേക്കാണു നയിക്കുന്നത്. ലാളിത്യം മുറ്റി നിൽക്കുന്ന ആരാധനാ കേന്ദ്രങ്ങൾ കേരളത്തിലെ ക്രൈസ്തവനു ലഭ്യമാകുമോ?

കോട്ടയത്തെ ലൂർദു ദേവാലയം ഒരു മനോഹരമായ ആരാധനാലയം ആയിരുന്നു പണ്ട്. വിശാലമായ പള്ളി മുറ്റത്തു തണൽ വിരിച്ചു നിൽക്കുന്ന വാകമരങ്ങൾ കുളിർമ്മ നിറഞ്ഞ അന്തരീക്ഷം സൃഷ്ടിച്ചു. ലാളിത്യം മുറ്റി നിറഞ്ഞിരുന്ന ഈ ദേവാലയം ഇന്നില്ല. പഴയ ഓർമ്മകൾ വച്ചു കൊണ്ട് പ്രാർഥനയ്ക്കായി ചെന്നപ്പോൾ അന്തം വിട്ടുപോയി. മൂന്നു നിലകളിൽ ദേവാലയ മന്ദിരം പണിയപ്പെടുന്നു. താഴെ കാറുകൾക്ക് പാർക്കിംഗ്. മുകളിൽ ആയിരങ്ങൾക്ക് സൗകര്യമായ ഓഡിറ്റോറിയം. ഏറ്റം മുകളിൽ ദേവാലയം.

"പഴയ വീഞ്ഞു കുടിച്ച ഒരുവനും പുതിയത് ഇഷ്ടപ്പെടുകയില്ല. പഴയതാണു മെച്ചം എന്നല്ലേ പറയുന്നത്." (ലൂക്കാ 5 : 39)

ലാളിത്യം മുറ്റി നിൽക്കുന്ന പഴയ ദേവാലയങ്ങൾ ഇന്നു സ്മരണകളിൽ മാത്രം!

## മഹാന്മാരെ നിന്ദിക്കുന്ന പുരോഹിതന്മാർ

'ദൈവശാസ്ത്രപരമല്ല' എന്ന തലക്കെട്ടിൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ എഴുതിയ ലേഖനം ഹൃദയസ്പർശകമായി തോന്നി. മാർട്ടിൻലൂഥർ എന്ന വിപ്ലവകാരിയെ സൃഷ്ടിച്ചത് 16-ാം നൂറ്റാണ്ടിലെ സഭാ നേതൃത്വമായിരുന്നു. ശ്രീ. ജോസഫ് പുലിക്കുന്നേൽ നീതിക്കുവേണ്ടി ശബ്ദം ഉയർത്താൻ കാരണമായത് ദേവഗിരി കോളേജിന്റെ ഭരണ മേധാവികളായിരുന്ന ചില സന്യാസവൈദികരും അവരെ പിൻതുണച്ച ഏതാനും അൽമായ പ്രൊഫസർമാരും ആയിരുന്നല്ലോ. ചരിത്രം ആവർത്തിക്കുന്നു. പ്രൊഫ. ടി. ജെ. ജോസഫിന്റെ കൈവെട്ടാൻ ഒരുമ്പെട്ട തീവ്രവാദികളെ പിൻതുടർന്നു പ്രൊഫസറെ കുറ്റപ്പെടുത്തുവാൻ ഒരു രൂപതയിലെ വൈദിക പ്രമുഖർ തയ്യാറായി. അവരോടൊപ്പം സാംസ്കാരിക നായക സ്ഥാനം അവകാശപ്പെടുന്ന സാഹിത്യകാരനായ ഒരു പ്രൊഫസറും കത്തി ഓങ്ങിയ രംഗം കേരളീയർ മറന്നിട്ടില്ല. ഇന്നു മാർട്ടിൻ ലൂഥറിനെ ആദരിക്കാൻ മാർപാപ്പാവരെ തയ്യാറായതു ചിന്തോദ്ദീപകമായ വാർത്തയാണ്. ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ അനുഭവങ്ങളും കേരള സഭാ ചരിത്രത്തിൽ ഒരിക്കലും മായാത്ത അദ്ധ്യായങ്ങളായി അവശേഷിക്കും.

മഹാന്മാർ എന്നു വിളിക്കപ്പെടേണ്ട കേരള സഭാ നായകന്മാരാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, പ്രൊഫ. എം.പി. പോൾ, ഷെവലിയർ ഐ. സി. ചാക്കോ എന്നിവർ. മലയാള സാഹിത്യത്തിൽ അദ്വിതീയ സ്ഥാനം നേടി പ്രശസ്തനായ പൊൻകുന്നം വർക്കിയും ആദരണീയൻ തന്നെ. ഇവരെല്ലാം തന്നെ ഓരോ കാരണത്താൽ സഭാ പുരോഹിതരുടെ നിശിത വിമർശനങ്ങൾക്കു വിധേയരായവരാണ്.

തൃശൂർ സെന്റ് തോമസ് കോളജിൽ അധ്യാപകനായിരുന്ന പ്രൊഫ. മുണ്ടശ്ശേരി അക്കാലത്തെ ചില വൈദികരുടെ അനീതി തുറന്നു കാട്ടി. തത്ഫലമായി കോളജിൽനിന്നു പിരിച്ചുവിട്ടു. പിൽക്കാലത്ത് കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിസ്ഥാനവും യൂണിവേഴ്സിറ്റി വൈസ് ചാൻസലർ സ്ഥാനവും മുണ്ടശ്ശേരിക്കു ലഭിച്ചു. കോളജിൽ തുടർന്നിരുന്നെങ്കിൽ അന്ത്യം വരെ പുരോഹിതനായ ഏതെങ്കിലും പ്രിൻസിപ്പാളിന്റെ കീഴിൽ അധ്യാപക സ്ഥാനത്തിരുന്നു ജീവിതം പൂർത്തിയാക്കുമായിരുന്നു.

പ്രൊഫ. എം.പി.പോളിന്റെ അവസ്ഥയും ചിന്തനീയം തന്നെ. ചങ്ങനാശ്ശേരി എസ്.ബി.കോളജിൽ അധ്യാപകനായി കഴിയവേ അദ്ദേഹം ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകയിൽ സെന്റ് വിൻസെന്റ് ഡി. പോൾ സഖ്യം തുടങ്ങുന്നതിനു മുൻകൈയെടുക്കുകയും 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' മലയാളത്തിൽ പരിഭാഷപ്പെടുത്തുകയും ചെയ്തു. കോട്ടയത്തു സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിനു നേതൃത്വം നല്കുകയും പുരോഗമനസാഹിത്യ സംഘടനയ്ക്കു മാർഗനിർദേശം നൽകുകയും ചെയ്തു. ആദ്യ വെള്ളിയാഴ്ചകളിൽ കത്തോലിക്കരായ എല്ലാ അധ്യാപകരും കോളജ് ചാപ്പലിൽ വിശുദ്ധ കുർബാന സ്വീകരിക്കണം എന്ന പ്രിൻസിപ്പാളിന്റെ ഓർഡർ പരസ്യമായി ധിക്കരിച്ചു. പിഴയായി നിശ്ചയിച്ച അഞ്ചുരൂപാ മുൻകൂറായി അദ്ദേഹം നൽകുകയും ചെയ്തു.

പ്രൊഫ. എം.പി.പോളിനു തെമ്മാടിക്കുഴി വിധിച്ചു എന്ന് ആവേശത്തോടെ പ്രസംഗിച്ച ചില വൈദികരെ അറിയാം. വൈരാഗ്യബുദ്ധി ക്രൈസ്തവ പുരോഹിതർക്കു ചേർന്നതല്ല എന്ന് ഈ വൈദികർ മനസ്സിലാക്കുന്നില്ല.

സംസ്കൃത ഭാഷയിൽ അഗാധ പാണ്ഡിത്യം നേടിയ ഐ. സി. ചാക്കോ ഭൗതിക ശാസ്ത്രത്തിലും അദ്വിതീയൻ ആയിരുന്നു. തിരുവിതാംകൂർ ഗവൺമെന്റിന്റെ സ്കോളർഷിപ്പോടുകൂടി ഇംഗ്ലണ്ടിൽനിന്നു എൻജിനിയറിംഗ് നേടിയ ശ്രീ ചാക്കോയ്ക്കു സഭ ഷെവലിയർ സ്ഥാനം നൽകി ആദരിച്ചു. സഭയ്ക്ക് അദ്ദേഹത്തിൽനിന്നു ലഭിച്ച നേട്ടങ്ങളും ചെറുതായിരുന്നില്ല.

കത്തോലിക്കാസഭയുടെ സ്വന്തമായ വിശ്വാസങ്ങൾ ബൈബിൾ വിരുദ്ധവും പാഷണ്ഡതയുമാണെന്നു പറഞ്ഞു. മാർത്തോമ്മാ സഭയിലെ

പണ്ഡിതനായിരുന്ന കെ. എൻ ഡാനിയൽ അപവാദ പ്രചരണം തുടങ്ങിയത് ഒരു സിവിൾ കേസിനു കാരണമായി. ഷെവ. ഐ. സി. ചാക്കോയാണ് കെ.എൻ ഡാനിയേലിനെതിരെ കേസു കൊടുത്തത്. ഐ. സി. ഡാനിയേൽ കേസ് എന്ന് അറിയപ്പെട്ട കേസിന്റെ വിധി പ്രസ്താവന കത്തോലിക്കാ സഭയുടെ വിശ്വാസപഠനങ്ങൾ ചോദ്യം ചെയ്യാൻ കെ. എൻ.ഡാനിയേലിനു അവകാശമില്ല എന്നു ചൂണ്ടിക്കാട്ടി. സഭയുടെ മാനം കാത്തത് ഷെവ. ചാക്കോയുടെ അവസരോചിതവും ധീരോചിതവുമായ നടപടിമൂലമാണ്.

യുദ്ധകാലത്തു രാജ്യം കൊടിയ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ ജനം മുഴുവൻ റേഷനരി കിട്ടാതെ വലഞ്ഞിരുന്നു. ഇടവക വികാരിമാർക്കു സ്പെഷ്യലായി മേൽത്തരം കുത്തരി നൽകാൻ ഇടവകകൾ സംവിധാനം ചെയ്തിരുന്നു. ചില വൈദികർ നല്ല കുത്തരി രഹസ്യമായി കരിഞ്ചന്തയിൽ വിറ്റു പണം നേടി. ഈ അനീതിയെ പരസ്യമായി കുറ്റപ്പെടുത്തിയത് പുരോഹിതന്മാർക്ക് ഇഷ്ടപ്പെട്ടില്ല. ഷെവലിയർ ചാക്കോയെ സഭാവിമർശകനായി അവഹേളിക്കാൻ അവർ മടിച്ചില്ല. ഒരു സന്യാസ വൈദികൻ അപ്രകാരം സംസാരിച്ചതു ഞാൻ ഇന്നും സ്മരിക്കുന്നു.

ശ്രീ. ജോസഫ് പുലിക്കുന്നേലിനുണ്ടായ അനുഭവങ്ങൾ മേൽപറഞ്ഞ സംഭവങ്ങൾ അനുസ്മരിപ്പിക്കുകയാണ്.

45 വർഷത്തെ കുടമാളൂർ ജീവിതത്തിൽ കേവലം രണ്ടു വൈദികരെ മാത്രം കുറ്റപ്പെടുത്തി ലേഖനം എഴുതാൻ ഞാൻ തയ്യാറായി. അവരിൽ ഒരു വൈദികൻ പുത്തൻ പണക്കാരനായ ഒരു അബ്കാരി ബിസിനസ്സുകാരനെ ദർശന സമൂഹത്തിൽ ചേർത്ത് ഇടവക തിരുനാൾ കേമമായി നടത്തിയ വികാരിയാണ്. പതിവായി മദ്യപാനത്തിനെതിരായി പ്രസംഗിക്കുന്ന ഈ വൈദികന്റെ നടപടിയെ ഞാൻ വിമർശിച്ചപ്പോൾ എന്നെ വലിയ ശത്രുവായി അദ്ദേഹം കണ്ടതിൽ അത്ഭുതമില്ല. ഇടവകയ്ക്കു ലക്ഷങ്ങളുടെ കടബാദ്ധ്യത വരുത്തിക്കൊണ്ട് നിർമ്മാണങ്ങൾ പുരോഗമിച്ചപ്പോഴും ഞാൻ അസ്സീസിയിലും ഓശാനയിലും ചില വിമർശനങ്ങൾ എഴുതിയിരുന്നു. എന്റെ വിമർശനങ്ങൾ രൂപതാ കേന്ദ്രവും അംഗീകരിച്ചു നടപടി സ്വീകരിച്ചു.

മറ്റൊരു വൈദികനും സഭയ്ക്ക് അപമാനം ഉണ്ടാകുംവിധം ധനമോഹം പ്രകടിപ്പിച്ചു. 500 രൂപായ്ക്കു നടത്തിയിരുന്ന കറിനേർച്ചക്ക് ഒറ്റയടിക്ക് 5000 രൂപാ നിശ്ചയിക്കുകയും ഈ കറിനേർച്ച മക്കളില്ലാത്ത ദമ്പതികൾക്കുള്ള ഒറ്റമൂലിയാണെന്നു പ്രചരിപ്പിക്കുകയും ചെയ്തു. വി. അൽഫോൻസാമ്മയുടെ മാമ്മോദീസാ തൊട്ടിയിൽ മാമ്മോദീസാ നൽകുവാൻ ആദ്യം അപേക്ഷിക്കുന്ന 100 പേർക്ക് മാത്രം അനുവാദം നൽകുമെന്നും വികാരി പരസ്യംചെയ്തു. ഈ വികല പ്രസ്താവനകളെയും ഞാൻ ഓശാനയിലൂടെ വിമർശിച്ചു. ഇതേതുടർന്ന് എനിക്കു പേരറിയി

ക്കാതെ ഭീഷണി ഫോൺ കോളുകളും ഊമക്കത്തുകളും ലഭിക്കാൻ തുടങ്ങി. എന്റെ പിതാവ് നല്ലവനായിരുന്നു എന്നു കേട്ടിട്ടുണ്ട്. ഞാൻ അപ്രകാരമല്ല. പള്ളിയിൽ വന്നാൽ ഒരു കാശു നേർച്ചയിടുകയില്ല. പിതാക്കന്മാരെയും വൈദികരെയും വിമർശിക്കുക എന്നതാണു എന്റെ നയം. ജോസഫ് പുലിക്കുന്നേലുമായി ചേർന്നു സഭയെ നശിപ്പിക്കുക എന്നതാണു എന്റെ ലക്ഷ്യം. ഇതൊക്കെയാണു പേരുവയ്ക്കാത്ത കത്തുകളിൽ എഴുതിയിരുന്നത്. അത്മായ സുഹൃത്തുക്കൾ ആരും എഴുതാൻ തയ്യാറാകാത്ത ചില കാര്യങ്ങളും ഒരു കത്തിൽ ഉണ്ടായിരുന്നു. മുണ്ടശേരി, എം. പി. പോൾ, പൊൻകുന്നം വർക്കി എന്നിവർ സഭയ്ക്കു വിരുദ്ധരായതിന്റെ ദൈവശാസ്ത്ര കാരണങ്ങൾ വിശദമാക്കിയിരുന്നു ഒരു കത്തിൽ. കത്തിലെ വാചകങ്ങൾ അതിന്റെ കർത്താവ് ആരെന്നു പറയൻ ക്ലൂ നൽകി എന്നു ഉറപ്പിച്ചു പറയാം.

സഭയെ വിമർശിച്ചാൽ പ്രകോപിതരാകുന്ന പുരോഹിതന്മാരും അൽമായ പ്രമുഖരും ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന ഫരിസേയരുടെയും പുരോഹിത ശ്രേഷ്ഠന്മാരുടെയും പുതിയ അവതാരങ്ങൾ തന്നെ. ക്രിസ്തുവിനെ ഇല്ലാതാക്കാൻ ഒരുമ്പെട്ട സമൂഹം ഇന്നും ജീവിക്കുന്നു. എങ്കിലു സത്യം ഉയിർത്തെഴുന്നേൽക്കും!

കേരള സഭയുടെ ചരിത്രത്തിൽ യൂറോപ്പിലെ മാർട്ടിൻ ലൂഥറിനെ അനുസ്മരിപ്പിക്കുന്ന ഒരു സ്ഥാനം ശ്രീ. ജോസഫ് പുലിക്കുന്നേലിനും അവകാശപ്പെടാം.

●●

(21-ാം പേജ് തുടർച്ച)

ഇന്ന് സഭകൾ തമ്മിൽ മാത്രമല്ല, ഒരേ സഭയ്ക്കുള്ളിലെ ഭദ്രാസനങ്ങൾ തമ്മിലും ഭദ്രാസനത്തിലെ പള്ളികൾ തമ്മിലും ആഡംബരമത്സരം നടക്കുകയാണ്. മിണ്ടിയാൽ ദൈവകോപം!!! പക്ഷേ "നിന്റെ സഹോദരന്റെ രക്തം വയലിൽനിന്നു നിലവിളിക്കുന്നു" എന്ന ദൈവശബ്ദം സൂചിപ്പിക്കുന്നത് ദൈവം വയലിലാണെന്നാണ്. വീണ്ടും ഒരിക്കൽക്കൂടി, ''ഒരു ചാട്ടവാറേന്തിയ ക്രിസ്തു!" - അതു സംഭവിക്കാതിരിക്കട്ടെ.

അവിടെയും ഇവിടെയും ക്രസ്തീയസ്നേഹത്തിന്റെ, കരുതലിന്റെ, പങ്കുവെക്കലിന്റെ കഥകൾ കേൾക്കുമ്പോൾ ഒരാശ്വാസം! ദൈവം പ്രവർത്തിക്കുന്നു എന്ന വിശ്വാസം! ഭക്ത ജനങ്ങളുടെ കൈകൾ നന്മയ്ക്കായി തുറന്നിരിക്കുന്നു; അവരുടെ കണ്ണുകൾ സജലങ്ങളായിരിക്കുന്നു; അവരുടെ കാലുകൾ അനുഗ്രഹത്തിന്റെ ഉറവകൾതേടി ഓടുന്നു. അവരെ കരുതുവാൻ ഉറപ്പിച്ചു നിർത്തുവാൻ ക്രൈസ്തവസഭകൾക്ക് കഴിയട്ടെ.

(2016 നവംബർ ലക്കം ചർച്ച് വീക്കിലിയിൽ വന്ന മുഖലേഖനം)

□□

# ആ മനുഷ്യൻ നീ തന്നെ

## അഗസ്റ്റിൻ വെള്ളിക്കര

ഈ കഴിഞ്ഞ നവംബർ 20-ാം തീയതി തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ ഇടവക ദിനവും കാരുണ്യവർഷസമാപനവുമായിരുന്നു. ഈ ചടങ്ങിലെ വിശിഷ്ടാതിഥി അഭിവന്ദ്യനായ മാവേലിക്കര രൂപതാധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ പ്രസംഗം എന്നെ വല്ലാതെ ആകർഷിച്ചു. അഭിവന്ദ്യന് അഭിനന്ദനങ്ങൾ.....

നല്ല ശമരിയാക്കാരന്റെ ഉപമയെ പരാമർശിച്ചുകൊണ്ട് കരുണയുടെ വൈശിഷ്ട്യത്തെപ്പറ്റി അദ്ദേഹം വാചാലനായി. കൃത്യസമയത്ത് ബലിയർപ്പിയ്ക്കാനും തന്റെ കർമങ്ങൾ ചെയ്യാനുമുള്ള തിരക്കു കാരണം വഴിയിൽ മുറിവേറ്റുകിടന്ന യഹൂദനെ കണ്ടെങ്കിലും കാണാത്ത ഭാവത്തിൽ ഒഴിഞ്ഞുമാറിപോയ യഹൂദ പുരോഹിതന്റെ കരുണയില്ലാത്ത ഹൃദയത്തെപ്പറ്റി അദ്ദേഹം പരാമർശിച്ചു. എനിക്ക് ബലിയല്ല കരുണയാണ് വേണ്ടതെന്ന ക്രിസ്തുവിന്റെ പുതിയ നിയമത്തെപ്പറ്റിയും അത് നാമെല്ലാം അനുവർത്തിയ്ക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം ഉദ്ബോധിപ്പിച്ചു. എത്ര മാതൃകാപരമായ വചനസന്ദേശം. അഭിവന്ദ്യ പിതാവിന് നന്ദി.

ഇനി അല്പം പൂർവകാല ചരിത്രം :- കുറെക്കാലം മുമ്പ് കേരളത്തിൽ മന്ത്രിയ പദവി അലങ്കരിച്ചിരുന്ന ഒരു പ്രമുഖ വ്യക്തി അന്ന് കെ. സി.ബി.സി. സെക്രട്ടറിയായിരുന്ന ഈ മെത്രാനെത്തന്നെ അദ്ദേഹം തിരുവനന്തപുരം പട്ടം അരമനയിൽ ഒരു സമ്മേളനത്തിനു വന്നപ്പോൾ കുറേ നേരം കാത്തു നിന്ന് സ്വകാര്യമായി കണ്ടു. മൂവാറ്റുപുഴയിലെ കൈവെട്ടിമാറ്റപ്പെട്ട നിരപരാധിയായ ജോസഫ് എന്ന കേളേജ് അധ്യാപകന് നീതി കൊടുക്കണം, അയാളോട് അല്പം കരുണ കാണിയ്ക്കുന്ന വിഷയം കെ.സി.ബി.സിയിൽ ചർച്ചയ്ക്ക് എടുക്കണം എന്ന് അപേക്ഷിക്കാനായിരുന്നു ഈ കൂടിക്കാഴ്ച. ജോസഫിനുവേണ്ടി ഈ പ്രമുഖ വ്യക്തി വളരെയധികം വാദിച്ചു. അവസാനം ബിഷപ്പിന്റെ മറുപടി ഇതായിരുന്നു. “അയാൾ കമ്മ്യൂണിസ്റ്റുകാരനാണ്, വലിയ കുഴപ്പക്കാരനാണ്”. അയാളെ സഹായിക്കാൻ താൽപര്യമില്ലായെന്നു ചുരുക്കം. ഇത് മേല്പറഞ്ഞ പ്രമുഖ വ്യക്തി ഈ ലേഖകനോട് നേരിട്ട് പറഞ്ഞ സത്യമാണ്. പ്രമുഖ വ്യക്തിയുടെ അഭ്യർഥന പ്രകാരം അദ്ദേഹത്തിന്റെ പേര് വെളിപ്പെടുത്തുന്നില്ല.

ഇനി ഒരു എളിയ ചോദ്യം:- ബഹുമാനപ്പെട്ട പിതാവേ അങ്ങയോടുള്ള എല്ലാ സ്നേഹബഹുമാനാദരവുകളും നിലനിർത്തിക്കൊണ്ടു തന്നെ ഞാൻ വിനീതമായി ചോദിക്കട്ടെ. അങ്ങയുടെ ഞായറാഴ്ചകളിലെ പ്രസംഗങ്ങളും തിങ്കളാഴ്ചകളിലെ പ്രവൃത്തികളും തമ്മിൽ എന്തു ബന്ധം?

ഒരു ജനാധിപത്യ സമൂഹത്തിൽ ഒരു പൗരന് നീതിയും കരുണയും ലഭിക്കാൻ അയാളുടെ രാഷ്ട്രീയ നിലപാടുകൾ ഒരു തടസ്സമാണോ? ഈ കത്തോലിക്കാ സഭയിലെ ചില മെത്രാന്മാർ പല തെരഞ്ഞെടുപ്പുകളിലും കമ്മ്യൂണിസ്റ്റുകാർക്ക് അനുകൂലമായും പ്രതികൂലമായും മാറിയും തിരിഞ്ഞും നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

ഒരാൾ നിരീശ്വരവാദിയായാലും ഉറച്ച ബോധ്യങ്ങളുടെ അടിസ്ഥാനത്തിലാണെങ്കിൽ അയാളെ ബഹുമാനിക്കണം എന്ന് അഭിവന്ദ്യനായ മാർ വർക്കി വിതയത്തിൽ തന്റെ 'ഹൃദയത്തിൽ നിന്ന് നേരിട്ട്' എന്ന പുസ്തകത്തിൽ പറയുന്നു. ഏതു മതവിശ്വാസിയായാലും ദൈവവിശ്വാസരഹിതനായാലും അയാൾ നന്മ പ്രവർത്തിച്ചാൽ മതി എന്ന് ഫ്രാൻസിസ് മാർപാപ്പായും പറഞ്ഞിട്ടുണ്ട്. ഈ ലേഖകൻ കമ്മ്യൂണിസ്റ്റുകാരനല്ല. എങ്കിലും ചോദിയ്ക്കട്ടെ ഒരു കമ്മ്യൂണിസ്റ്റുകാരന് ഇത്ര മാത്രം അയോഗ്യത കല്പിയ്ക്കാമോ? അതോ മെത്രാന്മാരുടെ രാഷ്ട്രീയം തന്നെയായിരിയ്ക്കണം വിശ്വാസികൾക്കും എന്ന് നിർബന്ധമുണ്ടോ? ഒരു ജനാധിപത്യ സമൂഹത്തിൽ തനിക്കിഷ്ടമുള്ള രാഷ്ട്രീയ വിശ്വാസം സ്വീകരിയ്ക്കാൻ ഒരു മത വിശ്വാസിയ്ക്ക് സ്വാതന്ത്ര്യമില്ലേ?

മേൽപ്പറഞ്ഞ പ്രസംഗം കേട്ടപ്പോൾ ദാവീദ് രാജാവിനു നേരേ വിരൽ ചൂണ്ടി "ആ മനുഷ്യൻ നീ തന്നെ" എന്ന് ആക്രോശിച്ച ദീർഘദർശിയുടെ ധാർമികരോഷം എന്റെ മനസ്സിൽ കിടന്നു തിളച്ചതാണ് ഇത്രയും കടലാസ്സിലേയ്ക്ക് പകർത്താൻ എന്നെ പ്രേരിപ്പിച്ചത്. ബഹുമാനപ്പെട്ട പിതാവേ മുറിവേറ്റവനെ കണ്ടിട്ടും കാണാത്തവനെപ്പോലെ കടന്നുപോയ യഹൂദ പുരോഹിതൻ, മുറിവേറ്റവന്റെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ശ്രദ്ധിയ്ക്കാതിരുന്ന അങ്ങ്. ആരാണ് കൂടുതൽ തെറ്റുകാരൻ? ഈ ചോദ്യത്തിന്റെ ഉത്തരം അങ്ങയുടെ മനസ്സാക്ഷിയ്ക്കു വിടുന്നു...... അതെ..... ആ മനുഷ്യൻ നീ തന്നെ ...... എന്ന് അങ്ങയുടെ മനഃസാക്ഷി പറയുന്നുണ്ടോ? എങ്കിൽ ആ അധ്യാപകന് ഇനിയെങ്കിലും നീതിയും നഷ്ടപരിഹാരവും നല്കാൻ മടികാണിയ്ക്കരുത്.

●●

# LAWYER NOTICE WITH REGISTERED AD

പി പ്രമോദ് അഡ്വക്കേറ്റ്, M/s പ്രമോദ് & അസോസിയേറ്റ്സ്, 14/478, അഭിലാഷ് ഷോപ്പിംഗ് കോംപ്ലക്സ്, മെയിൻ റോഡ് പി. ഒ. ഊരകം, 680 572 ആന്റണി ചിറ്റാട്ടുകര 74 വയസ്സ്, S/o ജോസഫ്, പൊറത്തൂർ വീട്, നമ്പഴിക്കാട്, കണ്ടാണിശ്ശേരി വില്ലേജ്, തലപ്പിള്ളി താലൂക്ക് പി. ഒ നമ്പഴിക്കാട്, പ്രസിഡന്റ് കാത്തലിക് ഫെഡറേഷൻ രജി. തൃശ്ശൂർ എന്നിവരുടെ ഉപദേശപ്രകാരം

1. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ്, കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ്, കിഴക്കേകോട്ട തൃശൂർ
2. അഭിവന്ദ്യ ബിഷപ്പ് റാഫേൽ തട്ടിൽ, അതിരൂപത സഹായ മെത്രാൻ കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ്, കിഴക്കേകോട്ട തൃശൂർ
3. അഭിവന്ദ്യ മോൺ. തോമസ്സ് കാക്കശ്ശേരി, കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ്, കിഴക്കേകോട്ട തൃശൂർ
4. അഭിവന്ദ്യ ഫാ. ജോർജ് കോമ്പാറ കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ്, കിഴക്കേകോട്ട തൃശൂർ
5. അഭിവന്ദ്യ ഫാ. മാത്യു കുറ്റികോട്ടയിൽ, ചാൻസലർ, കാത്തലിക് ആർച്ച് ബിഷപ് ഹൗസ്, കിഴക്കേകോട്ട തൃശൂർ

6 അഭിവന്ദ്യ ഫാ. ലിജോ ചിറ്റിലപ്പിള്ളി വർക്കിങ് ചെയർമാൻ ബോൺ നത്താലെ 2016, കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ് കിഴക്കേ കോട്ട തൃശൂർ

7. അഭിവന്ദ്യ ഫാ. ജെയ്സൺ കോരോത്ത്, കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ് കിഴക്കേകോട്ട തൃശൂർ
8. ജനറൽ കൺവീനർ, ബോൺ നത്താലെ 2013 C/o കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ് കിഴക്കേകോട്ട തൃശൂർ
9. ജനറൽ കൺവീനർ ബോൺ നത്താലെ 2014 C/o കാത്തലിക് ആർച്ച് ബിഷപ്പ് ഹൗസ് കിഴക്കേകോട്ട തൃശൂർ

10 അഭിവന്ദ്യ ഫാ. ജോസ് കോനിക്കര, വർക്കിങ്ങ് ചെയർമാൻ ബോൺ നത്താലെ 2015 വികാർ ലിറ്റിൽ ഫ്ളവർ ചർച്ച്, ഒളരി, പി. ഓ പുല്ലഴി 680 012

11. ശ്രീ. എൻ. പി. ജാക്സൺ മാസ്റ്റർ നെയ്യൻ വീട്, പി. ഒ അവിണിശ്ശേരി 680 306, (ജനറൽ കൺവീനർ ബോൺ നത്താലെ 2015)

12. ശ്രീ. ജോജു മഞ്ഞില, മഞ്ഞില ഭവൻ, നിർമ്മല ഗാർഡൻ കിഴക്കേകോട്ട, തൃശൂർ -5 (ബോൺ നത്താലെ ചീഫ് കോഡിനേറ്റർ 2015, 2016)

13. ശ്രീ. പി. ഐ ലാസ്സർ, ജനറൽ കൺവീനർ, ബോൺ നത്താലെ 2016 പുത്തൂർ ഹൗസ് തിരുവെങ്കിടം, ഗുരുവായൂർ

14. ശ്രീ. പി. എസ്. ബാബു, ഈവന്റ് കമ്മറ്റി കൺവീനർ, ബോൺ നത്താലെ 2015 പുത്തൻവീട്ടിൽ വീട് പറവട്ടാനി, തൃശൂർ - 5 എന്നിവരെ അറിയിക്കുന്ന നോട്ടീസ്.

നിങ്ങളിൽ 1-ാം നമ്പറുകാരന്റെ നേതൃത്വത്തിൽ 2013 വർഷത്തിൽ തൃശൂർ നഗരത്തിൽ ആദ്യമായി ബോൺ നത്താലെ എന്നപേരിൽ ക്രിസ്മസ്സ് ദിനത്തിന് ശേഷം "തിരുപിറവി"യുടെ വരവ് ഉത്ഘോഷിച്ചുകൊണ്ടുള്ള കരോൾ പരിപാടി ആരംഭിക്കുകയുണ്ടായല്ലോ. തൃശൂർ അതിരൂപതയിലെ വിവിധ ഇടവകകളിലെ ഭക്തജനങ്ങളിൽ നിന്നും തൃശൂർ നഗരത്തിലെ പൗരാവലിയിൽ നിന്നും ധനസമാഹരണം നടത്തി ആണല്ലോ ബോൺ നത്താലെ എന്ന പരിപാടി സംഘടിപ്പിക്കുന്നത്. 2014-ൽ വീണ്ടും ഈ ആഘോഷം സംഘടിപ്പിച്ച് ലോക റെക്കോർഡ് നേടുകയുണ്ടായല്ലോ.

ഈ പരിപാടിയുടെ പേരിൽ തൃശൂരിലെ കച്ചവടക്കാരിൽനിന്നും വ്യവസായികളിൽ നിന്നും മറ്റു പൊതുജനങ്ങളിൽനിന്നും കോടിക്കണക്കിന് രൂപ സാധുജനങ്ങൾക്ക് വിവിധ വമ്പൻ സേവന പരിപാടികൾ നടത്തുന്നതിനാണ് എന്ന് വാഗ്ദാനം ചെയ്ത് നിങ്ങൾ പിരിച്ചെടുത്തിട്ടുള്ളതാണല്ലോ.

കണ്ടാണിശ്ശേരി പഞ്ചായത്തിൽ ഫ്ളാറ്റ് പണിത് നാനാജാതി മതസ്ഥർക്ക് താമസിക്കാൻ സൗജന്യമായി വിതരണം ചെയ്യുമെന്നും പ്രഖ്യാപിച്ചിരുന്നു.

എന്നാൽ ആ രണ്ടു വർഷങ്ങളിലും ഇതിൽ ഒന്നുപോലും നടപ്പിലാക്കാതെയും തൃശൂർ നഗരത്തിൽ വീണ്ടും 2015-ൽ ഈ പരിപാടി പ്രഖ്യാപിച്ചപ്പോൾ നഗരത്തിൽ ഉണ്ടാക്കുന്ന ഗതാഗതകുരുക്കും മറ്റും കാണിച്ച് എന്റെ കക്ഷി OS 8815/2015 നമ്പർ കേസ്സ് ഫയൽ ചെയ്യുകയുണ്ടായിട്ടുള്ളതാണല്ലോ.

2016-ലെ ബോൺ നത്താലെ സംഘാടക സമിതി യോഗം 2016 സെപ്തംബർ 24-ന് വീണ്ടും കൂടിയതായി പത്ര വാർത്തകളിൽ കൂടി എന്റെ കക്ഷി വായിച്ചറിയുകയുണ്ടായിട്ടുള്ളതാണ്. അപ്രകാരം 26-9-2016 തീയതിയിലെ രാഷ്ട്രദീപിക ദിനപത്രത്തിൽ കഴിഞ്ഞ വർഷത്തെ ബോൺ നത്താലെ കരോൾ ഘോഷ യാത്രയോടനുബന്ധിച്ച് 1.75 കോടി

രൂപയുടേതടക്കം തൃശൂർ അതിരൂപത 30 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയെന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് തൃശൂരിലെ പൊതു സമൂഹത്തിൽനിന്ന് പിരിച്ചെടുത്ത മൊത്തം പൈസയുടെ വരവുചിലവുകണക്ക് നാളിതുവരെ തൃശൂരിലെ പ്രചാരമുള്ള ഏതെങ്കിലും ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടില്ല എന്ന് എന്റെ കക്ഷി പറയുന്നു.

കൂടാതെ 2013 വർഷത്തെയോ 2014 വർഷത്തെയോ ബോൺ നത്താലയോടനുബന്ധിച്ച് പിരിച്ചെടുത്ത തുകയുടെ വരവുചിലവുകണക്ക് പ്രസിദ്ധീകരിക്കുകയോ ആ വർഷം നടത്തുമെന്ന് പ്രഖ്യാപിച്ച ജീവകാരുണ്യ പ്രവർത്തനങ്ങൾ ഒന്നും നടത്തുകയോ ഉണ്ടായിട്ടില്ല എന്ന് എന്റെ കക്ഷി പറയുന്നു. (ഏതെങ്കിലും ഇടവക സമൂഹം സ്വന്തമായി ധനം സമാഹരിച്ച് എന്തെങ്കിലും സാമൂഹ്യസേവനം ചെയ്തിട്ടുണ്ടെങ്കിൽ അത് ഈ കണക്കിൽ വരുന്നതല്ല. അങ്ങിനെയുള്ള പ്രവർത്തനങ്ങൾ ബോൺ നത്താലെ തുടങ്ങുന്നതിന് മുമ്പും നടത്താറുള്ളതാണ് എന്ന് എന്റെ കക്ഷി പറയുന്നു.)

ആയതുകൊണ്ട് തൃശ്ശൂരിലെ പൊതുസമൂഹത്തിൽനിന്ന് 2013, 2014, 2015 എന്നീ വർഷങ്ങളിലെ ബോൺ നത്താലയുടെ പേരിൽ പിരിച്ചെടുത്ത പണത്തിന്റെ സത്യസന്ധമായ വരവുചിലവ് കണക്ക് ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനകം എന്റെ കക്ഷിക്ക് നൽകണമെന്നും കൂടാതെ പൊതുസമൂഹം അറിയുന്നതിനായി ഏതെങ്കിലും, നാട്ടിൽ പ്രചാരമുള്ള മാതൃഭൂമി, മനോരമ, ദേശാഭിമാനി, ജനയുഗം, മംഗളം തുടങ്ങിയ ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നും എന്റെ കക്ഷി ഈ നോട്ടീസ് മുഖേന ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം നിയമപരമായ നടപടികൾ ആയത് സ്ഥാപിച്ച് കിട്ടുന്നതിനായി സ്വീകരിക്കുമെന്ന് ഇതിനാൽ അറിയിക്കുന്നു.

□□

# ഹിന്ദുത്വം മതമോ..? സംസ്കാരമോ...?

## അനീഷ് കൊല്ലംകോട്

ബിജെപി സർക്കാർ അധികാരത്തിലെത്തിയതോടെ ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾ പരിഭ്രാന്തിയിലായിരിക്കുകയാണ്. ജനങ്ങളുടെ സാമൂഹ്യപ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്തുക എന്ന ദൗത്യത്തിൽനിന്ന് മാറി മതപരമായ കാര്യങ്ങളിൽ കൂടുതൽ വാചാലമാകുന്ന നിലയിൽ മന്ത്രിമാർ എത്തിച്ചേർന്നിരിക്കുന്നു! ഭഗവത്ഗീതയെ ദേശീയഗ്രന്ഥമാക്കണമെന്ന് പറഞ്ഞതും, ഹിന്ദുക്കൾ എന്ന പ്രയോഗത്തിൽനിന്ന് ന്യൂനപക്ഷങ്ങളെ ഒഴിവാക്കി സംസാരിക്കുന്നതും ഘർവാപസി എന്ന പേരിൽ നടത്തപ്പെടുന്ന നിർബന്ധിത മതപരിവർത്തന പരിപാടികളും ഹിന്ദുക്കളല്ലാത്തവർ ഇവിടുത്തുകാരല്ല എന്ന മതവുമായി ബന്ധപ്പെട്ട പ്രസ്താവനകളും എല്ലാം തന്നെ മഹത്തരമായ ഹൈന്ദവ സംസ്ക്കാരത്തിന്റെ കടയ്ക്കൽ കത്തികയറ്റുന്ന തരത്തിലുള്ള പ്രസ്താവനകളോ ചെയ്തികളോ ആണെന്ന് പറയാതിരിക്കാൻ ആവുന്നില്ല. ദൈവത്തിന്റെ പദ്ധതി പ്രകാരം ഇതൊക്കെ സംഭവിക്കേണ്ടവയായിരിക്കാം; അതവിടെ നിൽക്കട്ടെ.

ഹിന്ദുത്വം എന്നാണ് മതമായത്? ആരാണ് അതിനെ മതമാക്കിയത്? ഹിന്ദു എന്ന പേരിൽ ഒരു മതം ഉണ്ടെന്ന് വസ്തുതാപരമായി തെളിയിക്കണമെങ്കിൽ ഏറ്റവും കുറഞ്ഞത് അതിനൊരു സ്ഥാപകൻ വേണ്ടേ? ചട്ടക്കൂടുകൾ വേണ്ടേ? അരുതും അരുതാത്തതും തമ്മിലൊരു വേർതിരിവുണ്ടാകേണ്ടേ? അടിസ്ഥാന പ്രമാണങ്ങളെങ്കിലും ഉണ്ടാകേണ്ടതല്ലേ? ലോകത്തിൽ ഇന്ന് നിലവിലുള്ള എല്ലാ മതങ്ങളേയും അവയുടെ പൂർണമായ നിലയിൽ ഉൾക്കൊള്ളുവാൻ കഴിയുന്ന മഹാസാഗരമാണ് ഹിന്ദുത്വം. അതൊരു മതമല്ല മറിച്ച് സംസ്കാരമാണ്. എന്തിനേയും ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമനസ്കയായ മാതാവിന് തുല്യമാണ് ഹൈന്ദവ സംസ്ക്കാരം. ലോകമതങ്ങളുടെ മാതാവാണ് ഹിന്ദുത്വം എന്നുപറഞ്ഞാലും തെറ്റില്ല. ഒരമ്മയ്ക്ക് പല സ്വഭാവത്തിലും നിലവാരത്തിലുമുള്ള മക്കളും കൊച്ചുമക്കളും ഉള്ളതുപോലെയാണ് ഹൈന്ദവ സംസ്ക്കാരത്തിനുള്ളിലെ വിവിധ മത വിഭാഗങ്ങളെ കാണേണ്ടത്. നീചവും നികൃഷ്ടവും ഒരു പക്ഷേ മനുഷ്യൻ വെറുക്കുന്ന അഥർവേദത്തിലെ അംഗിരസ് വിഭാഗത്തിലുള്ള ആരാധനമുതൽ ഏറ്റവും ആകർഷണീയമായ ആരാധന രീതികൾ വരെ ഹൈന്ദവ സംസ്കാരത്തിൽ അന്നുമുണ്ട് ഇന്നുമുണ്ട്.

ഏകദൈവ വിശ്വാസം, ത്രിത്വദൈവ വിശ്വാസം, സർവ്വ ദൈവ വിശ്വാസം, ബഹുദൈവവിശ്വാസം തൂണിലും തുരുമ്പിലും ദൈവമുണ്ടെന്ന

വിശ്വാസം മനുഷ്യദൈവങ്ങളിലുള്ള വിശ്വാസം, താൻ തന്നെയാണ് ദൈവം (അഹം ബ്രഹ്മാസ്മി തത്ത്വമസി) എന്ന വിശ്വാസം. ദ്വൈതം. അദ്വൈതം, വിശിഷ്ടാദ്വൈതം, ദൈവമേയില്ല എന്ന വിശ്വാസം എന്നു തുടങ്ങി വീരാരാധന, ഭൂതാരാധന, എന്നിത്യാദി വിശ്വാസങ്ങളെല്ലാം ഹിന്ദുത്വം ഉൾക്കൊള്ളുന്നു എന്ന് മാത്രമല്ല മേൽപ്പറഞ്ഞതിലേത് വിശ്വാസം പിൻതുടരുന്നവനും ഒരു ഹിന്ദുവായി തുടരുന്നതിൽ യാതൊരു പ്രശ്നവുമില്ല. ക്രൈസ്തവർ പിന്തുടരുന്നത് ഏകദൈവ വിശ്വാസമാണ്. പക്ഷെ ക്രൈസ്തവരെ ഹൈന്ദവ സംസ്ക്കാരത്തിൽ ഉൾക്കൊള്ളാത്തത് എന്ത് എന്ന ചോദ്യം, ചോദ്യം മാത്രമായി അവശേഷിക്കുന്നു. ബ്രാഹ്മണാധിപത്യത്തെയും വർണ്ണവർഗ വിവേചനത്തേയും ചോദ്യം ചെയ്തുകൊണ്ട് ആരംഭിച്ച മതവിഭാഗങ്ങളാണ് ബുദ്ധമതവും ജൈനമതവുമൊക്കെ. അവയ്ക്ക് ഹിന്ദുവായിത്തന്നെ തുടരാൻ കഴിയുന്നു. പക്ഷെ എല്ലാ ഹൈന്ദവാചാര്യന്മാരും യുഗപുരുഷന്മാരും മാതൃകാ വ്യക്തിത്വമായും ഗുരുവായും അംഗീകരിക്കുന്ന യേശുവിനെ പിൻപറ്റുന്നവരെ ഹൈന്ദവ സംസ്കാരത്തിന് പുറത്ത് നിർത്തി ചിന്തിക്കുന്നതു തന്നെ അപരാധമല്ലേ? ഇന്ത്യയിൽ ജനിച്ച് വളർത്തപ്പെട്ടവരുടെ വിശ്വാസം എന്തായാലും അവർ ഹിന്ദുക്കളാണ്. ഹിന്ദുത്വം മതമല്ല; അത് ഇവിടെ ജനിച്ച് വളർന്ന മുഴുവൻ പേരേയും ഉൾക്കൊള്ളുന്ന സംസ്ക്കാരിക പൈതൃകനാമമാണ്.

സിന്ധുനദീതട സംസ്കാരവുമായി ബന്ധപ്പെട്ടാണ് 'ഹിന്ദു' എന്ന പ്രയോഗം ഉണ്ടായതെന്നും പേർഷ്യക്കാർക്ക് 'സ'കാരം ഉച്ചരിക്കാൻ കഴിയാതിരുന്നതിനാൽ 'സ'കാരത്തിന് പകരം 'ഹ'കാരം ചേർത്ത് സിന്ധുവിനെ അവർ ഹിന്ദുവാക്കിയ വസ്തുതയും ഏതൊരു ശരാശരി ഇന്ത്യാക്കാരനും അറിവുള്ള കാര്യമാണ്. സിന്ധുനദീതടവുമായി ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ പൈതൃകത്തെ വിളിച്ചോതുന്ന, ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന ഹിന്ദു എന്ന പ്രയോഗത്തെ സംസ്ക്കാരത്തിൽ നിന്ന് നിർബന്ധമായി പറിച്ചെടുത്ത് മതത്തിന്റെ മേലാട അണിയിച്ചതുമൂലമാണ് 'ഹിന്ദുത്വം' ഇന്ന് ഒരു വിഭാഗത്തിന്റെ പിതൃസ്വത്തുപോലെ അവതരിപ്പിക്കപ്പെടുന്നത്. ഹിന്ദുയിസം എന്ന പ്രയോഗത്തെ ഇന്ന് ഹിന്ദുമതം എന്നാണ് വിവർത്തനം ചെയ്യുന്നത്. എന്നാൽ പേർഷ്യക്കാർ Isms of India എന്നർത്ഥത്തിലാണ് Hinduism എന്ന പ്രയോഗത്തെ രൂപപ്പെടുത്തിയത്. ഇന്ത്യയിൽ അന്ന് നിലവിലിരുന്ന എല്ലാ വിശ്വാസങ്ങളേയും അവർ ആ പ്രയോഗത്തിൽ ഉൾക്കൊണ്ടിരുന്നു. പക്ഷെ ഇന്ന് ഹിന്ദുയിസം ഒരു സമൂഹത്തിന്റെ മാത്രം കുത്തകാവകാശമായി മുദ്രയടിക്കുന്നത് തികച്ചും ന്യായരഹിതമാണ്. ഇവിടുത്തെ ക്രൈസ്തവനും ജൈനനും മുസൽമാനും ബുദ്ധനും വൈഷ്ണവനും ശൈവനും ശാക്തനും നിരീശ്വരവാദിയും എല്ലാവരും അടിസ്ഥാനപരമായി ഹൈന്ദവരാണ്. 'ഹിന്ദു' എന്നത് എല്ലാവരുടേയും അഭിമാനകരമായ സാംസ്കാരിക പൈതൃകനാമമാണ്.

'ഹിന്ദുദേശം' എന്ന പ്രയോഗം ഇംഗ്ലീഷിലെഴുതിയാൽ India എന്നാണ്. ഇന്ത്യാക്കാരനെന്നത് India എന്ന ഇംഗ്ലീഷ് പദത്തിന്റെ ലിപ്യന്തരണം (Transliteration) മാത്രമാണ്. അതിന്റെ ശരിയായ വിവർത്തനമാകട്ടെ (translation) ഹിന്ദുക്കൾ എന്നും. ഇന്ത്യാക്കാരനായതിൽ ഞാൻ അഭിമാനിക്കുന്നുവെന്ന് പറയുന്ന ഒരു ന്യൂനപക്ഷ വിശ്വാസിക്ക് താൻ ഹിന്ദുവെന്ന് പറയാൻ നാവുപൊങ്ങില്ല. കാരണം മറ്റൊന്നുമല്ല; വെറും അജ്ഞത! Indiaയുടെ മലയാള രൂപമാണ് ഹിന്ദുദേശമെന്നും ഹിന്ദുക്കളെന്നു പറഞ്ഞാൽ ഇന്ത്യാക്കാരാണെന്നും വിശാലാർത്ഥത്തിൽ ഉൾക്കൊണ്ട് മുന്നേറാൻ കഴിയുന്നില്ലെങ്കിൽ അജ്ഞതമൂലം സ്വയം ഒറ്റപ്പെട്ടുനിന്ന് പീഡനം ഇരന്നു വാങ്ങുന്ന അവസ്ഥയ്ക്ക് ദൈവം ഉത്തരവാദി ആയിരിക്കില്ല.

ഞാനൊരു ക്രിസ്തീയ വിശ്വാസിയാണ്. ആ വിശ്വാസത്തിൽ ജീവിക്കുവാൻ എനിക്ക് ഏറ്റവും പിൻബലമേകുന്നത് എന്തും വിശ്വസിക്കുവാനും അനുഷ്ഠിക്കുവാനും സ്വാതന്ത്ര്യം നൽകുന്ന ഹിന്ദുത്വമെന്ന എന്റെ നാടിന്റെ സംസ്കാരമാണ്. ഇത് നാമേവരും അഭിമാനത്തോടും ഉൾപുളകത്തോടുംകൂടെ ഉൾക്കൊള്ളേണ്ട വസ്തുതയാണ്.

9846968028

(കടപ്പാട് : 2016 ഒക്ടോബർ ലക്കം ക്രൈസ്തവ ചിന്ത)

●●


## പാറേമ്മാക്കൽ ഗോവർണദോറുടെ
## വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്)

കേരള സഭയുടെ ആദ്ധ്യാത്മിക പിതാവും സഭയെ വിദേശാധിപത്യത്തിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടിയുള്ള സഹന സമരത്തിന്റെ നേതാവുമായിരുന്ന പാറേമ്മാക്കൽ ഗോവർണദോറുടെ വർത്തമാനപ്പുസ്തകത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നു. നല്ല മേനികടലാസിൽ അച്ചടിച്ച് ആധുനിക മലയാളഭാഷയിൽ പരാവർത്തനം ചെയ്ത ഈ ഗ്രന്ഥം സഭാചരിത്ര പഠിതാക്കൾക്ക് ഒരു കൈപ്പുസ്തകമാണ്.

പരാവർത്തനം : പ്രൊഫ. മാത്യു ഉലകംതറ

വില 125/- രൂപ.

പത്തുകോപ്പികൾ എടുക്കുന്നവർക്ക് ഒരു കോപ്പിക്ക് 100 രൂപ മാത്രം.

വിലാസം : ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഓശാനമൗണ്ട്, ഇടമറ്റം പി.ഒ, ഭരണങ്ങാനം, കോട്ടയം- 686578

# ദൈവത്തിന്റെ സ്വന്തം നാടിന്റെ പ്രത്യേകതകൾ

## ജസ്റ്റിസ് കെ.ടി.തോമസ്

കേരളത്തെ ദൈവത്തിന്റെ സ്വന്തം നാട് എന്ന് ടൂറിസം വകുപ്പു കാർ വിശേഷിപ്പിച്ചു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി കോഴിക്കോടു കടപ്പുറത്ത് സെപ്റ്റംബർ ഇരുപത്തിയഞ്ചിന് കൂടിയ ജനലക്ഷങ്ങളോടു പ്രസംഗിച്ചു തുടങ്ങിയപ്പോൾ താൻ എത്തിയിരിക്കുന്നതു ദൈവത്തിന്റെ സ്വന്തം നാട്ടിലാണെന്ന് പറഞ്ഞ് ശ്രോതാക്കളെ ത്രസിപ്പിച്ചു. ദൈവ ത്തിന്റെ സ്വന്തം നാടിന്റെ സവിശേഷതകൾ അഥവാ പ്രത്യേകതകൾ എന്താണ്? ഒന്നാമത്തേത് നല്ല പ്രകൃതി ഭംഗി. പക്ഷെ അതു കേരള ത്തിന്റെ മാത്രം പ്രത്യേകതയല്ലല്ലോ? കേരളത്തേക്കാൾ നല്ല ഭംഗിയുള്ള വേറെ എത്ര രാജ്യങ്ങൾ ഭൂമിയിലുണ്ട്. നെതർലാന്റും സ്വിറ്റ്സർലാന്റും, ചില സൗത്ത് ആഫ്രിക്കൻ പ്രദേശങ്ങളുമെല്ലാം പ്രകൃതി ഭംഗിയുടെ കാര്യ ത്തിൽ കേരളത്തെ എത്രയോ കാതം പിന്നിലാക്കുന്നു. കാശ്മീർ പോലും പ്രകൃതി ഭംഗിയുടെ കാര്യത്തിൽ കേരളത്തെ കവച്ചുവയ്ക്കുന്നു. സാക്ഷ രതയുടെ കാര്യമെടുത്താൽ അതിൽ കേരളത്തിനു മാത്രം ഒരു പ്രത്യേ കതയുമില്ല. കേരളത്തേക്കാൾ സാക്ഷരത കൂടുതലുള്ള ഭാഗങ്ങൾ ലോക ത്തിൽ വളരെയുണ്ട്. ഇപ്പോൾ ഇന്ത്യയിൽതന്നെ ചില സംസ്ഥാനങ്ങൾ സാക്ഷരതയുടെ കാര്യത്തിൽ കേരളത്തിന്റെ അടുത്തെത്തിക്കൊണ്ടിരി ക്കുന്നു. അങ്ങനെയാണെങ്കിൽ കേരളത്തിന് മാത്രം അഭിമാനിക്കാൻ എന്തെങ്കിലും പ്രത്യേകതകൾ ഉണ്ടോ?

കേരളത്തിൽമാത്രം കാണപ്പെടുന്ന രണ്ടു പ്രത്യേകതകൾ ലോകത്തു മറ്റൊരു രാജ്യത്തും ഇല്ലെന്നുള്ള കാര്യത്തിൽ എനിക്കു യാതൊരു സംശയവും ഇല്ല. ഒന്ന് ബന്ത്, ഹർത്താൽ എന്നീ പേരുക ളിൽ ഒരു വർഷം കുറഞ്ഞത് പന്ത്രണ്ടു പ്രാവശ്യമെങ്കിലും കേരളവും കേരളീയരും ജോലിചെയ്യാതെ വീട്ടിൽ കഴിഞ്ഞു കൂടുന്ന രാഷ്ട്രീയ പേക്കൂത്ത് ലോകത്തു മറ്റൊരിടത്തുമില്ല. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണാടകത്തിലും ബന്തും ഹർത്താലും ആചരിക്കു മ്പോൾ നിരത്തുകളിൽകൂടി വാഹനങ്ങൾ നിർബാധം ഓടുന്നതും ഒട്ടു മുക്കാലും കടകളും തുറന്നു പ്രവർത്തിക്കുന്നതും കാണുന്നതു സാധാ രണമാണ്. ഞാനും ഭാര്യയും മറ്റു ചിലരോടൊപ്പം ഒരിക്കൽ ഉത്തർപ്രദേ ശിൽ ചെന്നു. തലസ്ഥാനമായ ലക്നൗവിൽ എത്തിയപ്പോൾ അവിടെ അന്ന് ബന്ത് ആയിരുന്നു എന്ന് ആളുകൾ പറഞ്ഞ് അറിഞ്ഞു. പക്ഷെ വീഥികളിൽ കൂടി വാഹനങ്ങൾ ഓടുന്നതു കണ്ടപ്പോൾ ഇതു ഏതുതരം ബന്താണെന്ന് ഞങ്ങൾ അന്വേഷിച്ചു. പല കടകളും അന്നു തുറക്കുക

യില്ലെങ്കിലും ആർക്കു വേണമെങ്കിലും ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിനു കടകളുടെ പിൻഭാഗത്തുള്ള വാതിലുകൾ തുറന്നിടാറുണ്ടെന്നും അവിടെയുള്ളവർ ഞങ്ങളോടു പറഞ്ഞു. ഒരു തുണിക്കടയിൽ നിന്നും ഞങ്ങൾ പല തുണിത്തരങ്ങൾ ബന്തു ദിനത്തിൽ വാങ്ങുകയും ചെയ്തു.

കേരളത്തിൽ ബന്ത്, ഹർത്താൽ ആഹ്വാനം നടത്തിയവർ ഉൾപ്പെടുന്ന ചില രാഷ്ട്രീയ പാർട്ടികൾക്ക് അവർ തെരഞ്ഞെടുപ്പിനു ഒറ്റക്കു മത്സരിച്ചാൽ ഒരു പഞ്ചായത്തുപോലും ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടുകയില്ലെങ്കിലും അവർ ആഹ്വാനം ചെയ്യുന്ന ബന്തും ഹർത്താലും നൂറു ശതമാനം വിജയമായി എന്ന് അവർ അവകാശപ്പെടാറുണ്ട്. അവർ പറഞ്ഞത് ചാനലുകളും മാധ്യമങ്ങളും അംഗീകരിച്ച് വാർത്ത കൊടുക്കാറുമുണ്ട്. ബന്ത്, ഹർത്താൽ എന്നിവകൊണ്ട് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾക്ക് മെച്ചം ഉണ്ടായിട്ടുണ്ടോ എന്നെനിക്കറിയില്ല. ടൂറിസം കൊണ്ട് ലോകത്തിൽ ഏറ്റവും കൂടുതൽ നേട്ടം കൊയ്യാനാവുന്ന എല്ലാ സാധ്യതകളും നിറഞ്ഞ ഈ സംസ്ഥാനത്ത് വരാൻ കൊതിക്കുന്ന ടൂറിസ്റ്റുകളോടു ട്രാവൽ ഏജന്റുമാർ മുൻകൂട്ടിക്കൊടുക്കുന്ന മുന്നറിയിപ്പുണ്ട്, ഇവിടെ വരുന്ന ദിവസം ബന്തോ ഹർത്താലോ ഉണ്ടായിപ്പോയാൽ എയർപോർട്ടിൽ നിന്നോ റെയിൽവേ സ്റ്റേഷനിൽനിന്നോ പുറത്തേക്കു നടന്നുപോകാൻ മാത്രമേ പറ്റുകയുള്ളു എന്ന് ഓർത്തുകൊള്ളണം.

പണിമുടക്ക് എന്ന പേരിൽ ഏതെങ്കിലും ഒരു ട്രേഡ് യൂണിയൻ ഒരു ആഹ്വാനം നടത്തിയാൽ തീർന്നു. പണിമുടക്ക് എന്ന പേരിൽ ഒരു ട്രേഡ് യൂണിയൻ നടത്തുന്ന ഒരു ആഹ്വാനത്തിന്റെ പേരിൽ പണിമുടക്കുന്നത് അവൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ മാത്രമല്ല, എല്ലാ കടകളിലെയും എല്ലാ വാഹനങ്ങളിലെയും എല്ലാ സ്ഥാപനങ്ങളിലെയും ജോലിക്കാർ പണിമുടക്കിൽ പങ്കെടുത്തിരിക്കണമെന്നതു നിർബന്ധമാണ്. പണ്ട് ട്രേഡ് യൂണിയൻ രംഗത്തു നേതാവായിരുന്ന് പല പണിമുടക്കുകളും നടത്തിയിട്ടുള്ള ജോയി മാത്യു എന്നയാൾ നിർബന്ധിത ബന്ത് ആയി രൂപാന്തരപ്പെടുന്നതിനെപ്പറ്റി സെപ്റ്റംബർ 5ന് മലയാള മനോരമയിലെഴുതിയ ലേഖനത്തിൽ ഒരു ദിവസത്തെ പണിമുടക്കു മൂലം കേരളത്തിൽ 1700 കോടി രൂപാ നഷ്ടം സംഭവിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹം പറഞ്ഞ വസ്തുതകൾ ഇവയാണ്. പണിമുടക്കു എന്തു പ്രാകൃത സമരമാർഗമാണെന്ന് താൻ ഫെയ്സ് ബുക്കിൽ ഒരു പോസ്റ്റ് ഇട്ടപ്പോൾ അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും പ്രതികരണങ്ങളുണ്ടായി. താൻ സിനിമാ നടനാകുന്നതിനു മുമ്പുള്ള വർഷങ്ങളിൽ എന്തൊക്കെ പണി ചെയ്താണ് ജീവിച്ചതെന്ന് ആർക്കാണ് അറിയാവുന്നത്. ഇപ്പോഴത്തെ തന്റെ അവസ്ഥയിൽ തന്റെ പണികൾ തീർക്കാൻ മതിയാകാതെ വന്നപ്പോഴാണ് പണിമുടക്കിന്റെ നിരർത്ഥകത്തം ബോധ്യപ്പെട്ടത്. പണിമുടക്കുന്നവർ ആത്മാർത്ഥമായിട്ടാണ് അതു ചെയ്യുന്നതെ

ങ്കിൽ പണിമുടക്കു കാലത്തെ ശമ്പളം വേണ്ടന്നു വെയ്ക്കണം. തൊഴിലാളി പ്രസ്ഥാനങ്ങളുടെ പത്രങ്ങളും ചാനലുകളും പണി മുടക്കിൽ പങ്കെടുക്കാത്തതും മുഖ്യമന്ത്രിയും മന്ത്രിമാരും പണിമുടക്കാതിരിക്കുന്നതും എന്തുകൊണ്ടാണ്? ഹർത്താൽ എന്നു കേൾക്കുമ്പോൾ മറുനാട്ടിൽ കഠിനമായിജോലി ചെയ്തു നാട്ടിലേക്കു പണമയയ്ക്കുന്ന മലയാളികൾക്കു തോന്നുക പുച്ഛമാണ്. അവരുടെ പണം കൊണ്ടാണല്ലോ കേരളത്തിന്റെ സാമ്പത്തിക മേഖല നേരെ നിൽക്കുന്നത്. അല്ലാതെ ഇവിടുത്തെ ഉൽപാദന പ്രക്രിയയും വ്യവസായ വളർച്ചയും കൊണ്ടല്ല. സർക്കാർ നില നിൽക്കുന്നതു ജനത്തെ പിഴിയുന്ന നികുതികൊണ്ടാണ്. പണിമുടക്ക് ആ പിഴിച്ചിൽ കൂട്ടും. ഇങ്ങനെയാണ് ഒരു മുൻപണിമുടക്കു നേതാവിന്റെ അനുതാപങ്ങൾ.

ഈ പ്രത്യേകതകൾ ദൈവത്തിന്റെ നാടിന് മാത്രമായിട്ടുള്ളതാണ്. ഇറാഖിലെ ഏകാധിപതിയായിരുന്ന സദ്ദാംഹുസൈൻ വധിക്കപ്പെട്ടപ്പോൾ ലോകത്തിൽ ഹർത്താൽ ആചരിച്ച ഒരേ ഒരു രാജ്യം കേരളമായിരുന്നു. ഗുജറാത്തിലെ അക്ഷർധാം എന്ന ക്ഷേത്രത്തിൽ ഭീകരർ കയറിവെടി വെച്ച് ഏതാനും ആരാധകന്മാരെ കൊലപ്പെടുത്തിയപ്പോൾ അതിനെതിരെ പ്രതിഷേധിക്കുന്നതിന് കേരളം സ്വീകരിച്ച മാർഗം ഒരു ദിവസത്തെ ഹർത്താൽ ആയിരുന്നു. മറ്റൊരിടത്തും, ഗുജറാത്തിൽ പോലും ഹർത്താൽ ആചരിക്കപ്പെട്ടില്ല. വിയറ്റ്നാമിലെ രാഷ്ട്രപിതാവായി കരുതപ്പെട്ടിരുന്ന ഹോച്ചിമിൻ നിര്യാതനായപ്പോൾ ലോകത്തു ഒരിടത്തു മാത്രമേ ഹർത്താൽ ആചരിച്ചിട്ടുള്ളു. അതു ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലാണ്. ഹോച്ചിമിന്റെ നാട്ടിൽ അവിടുത്തെ ജനങ്ങൾ കൂടുതലായി പണിയെടുത്താണ് ആ മഹാന്റെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിയത്. അദ്ദേഹം ഒരിക്കൽ ഇന്ത്യ സന്ദർശിച്ച കൂട്ടത്തിൽ തിരുവനന്തപുരത്തു വന്നിരുന്നു. വളരെയധികം ചെറുപ്പക്കാർ അദ്ദേഹത്തിന്റെ ആരാധകരായി അദ്ദേഹത്തോടൊപ്പം സംഭാഷണത്തിൽ പങ്കെടുത്തപ്പോൾ അവരോട് അദ്ദേഹം ഓരോരുത്തരുടെയും ജോലി എന്താണെന്ന് ചോദിച്ചു. തങ്ങൾ പൂർണസമയ രാഷ്ട്രീയക്കാരാണെന്ന് അവർ മറുപടി പറഞ്ഞു. അദ്ദേഹം ചിരിച്ചുകൊണ്ട് രാഷ്ട്രീയം ഒരു ജോലി അല്ലല്ലോ നിങ്ങളുടെ വരുമാന മാർഗം എന്താണെന്നാണ് ഞാൻ ചോദിച്ചത് എന്നു പറഞ്ഞു. പാവം ഹോചിമിൻ അറിയുന്നുണ്ടോ രാഷ്ട്രീയം വഴി ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഓരോരുത്തർ സമ്പാദിക്കുന്നത് എത്ര വലിയ സംഖ്യയാണെന്ന്.

ദൈവത്തിന്റെ സ്വന്തം നാട്ടിൽ മാത്രമുള്ള രണ്ടാമത്തെ പേരാണ് നോക്കുകൂലി. ഇത്രയും അന്വർത്ഥമായി ആ തലക്കെട്ടു കൊടുത്ത കാവ്യഭാവനയുടെ മുമ്പിൽ നമോവാകം. മനോരമ ആഴ്ചപ്പതിപ്പിൽ നിയമസഹായം എന്ന പംക്തിയിൽ ഉത്തരം പറയുന്നതിന് ഒരാൾ ചോദിച്ച ചോദ്യം ഇങ്ങനെയായിരുന്നു. ബാങ്ക് ലോൺ ഉപയോഗിച്ച് വീടുപണി ആരംഭിച്ച

പ്പോൾ എനിക്കു നോക്കുകൂലി നേരിടേണ്ടിവന്നു. ജോലി ചെയ്യുന്ന തൊഴിലാളിക്കു കൂലി നൽകുവാൻ ഞാൻ തയ്യാറായിരുന്നു. എന്നാൽ ലോഡ് ഇറക്കുമ്പോഴും കയറ്റുമ്പോഴും ജോലി ചെയ്യാതെ ഭീമമായ സംഖ്യക്കു വേണ്ടി ആവശ്യപ്പെടുകയും അതുകൊടുത്തില്ലെങ്കിൽ ഭീഷണിയും ചീത്ത വിളിയും നടത്തുന്ന ചുമട്ടുതൊഴിലാളികൾ എന്നു പറയുന്ന ഈ കൂട്ടരെ എങ്ങനെ നേരിടാം. അതിലേക്കു ഞാൻ കൊടുത്ത ഉത്തരത്തിന്റെ സംക്ഷിപ്തം ഇങ്ങനെയാണ്. ജോലി ചെയ്യാത്ത ആൾക്കാർക്ക് നോക്കു കൂലി കൊടുക്കണമെന്നു പറയുന്നതു തികച്ചും നിയമവിരുദ്ധമാണ്. അതു ശുദ്ധ തെമ്മാടിത്തരമാണ്. കേരളത്തിലല്ലാതെ ലോകത്തിൽ മറ്റൊരിടത്തും അങ്ങനെയൊരു ഏർപ്പാട് നടക്കുന്നില്ല. അങ്ങനെ പ്രവർത്തിക്കുന്നവർ ഇന്ത്യൻ പീനൽ കോഡിൽ 384 മുതൽ 389 വരെയുള്ള വകുപ്പുകളിൽ പറയുന്ന എക്സ്റ്റോർഷൻ എന്ന കുറ്റത്തിന്റെ വിവിധ പരിമാണങ്ങളാൽ ശിക്ഷിക്കപ്പെടേണ്ടവരാണ്. (മനോരമ ആഴ്ചപ്പതിപ്പ് ഒക്ടോബർ 15 ലക്കം)

ദൈവത്തിന്റെ സ്വന്തം നാടിന് ഈ രണ്ടു പ്രത്യേകതകളല്ലാതെ നമുക്കു മാത്രമായി എടുത്തുപറയാൻ വേറെ ഏതെങ്കിലും പ്രത്യേകതകൾ ഉള്ളതായി ആരെങ്കിലും ചൂണ്ടിക്കാണിച്ചു തരാമോ എന്നു ചില വേദികളിൽ ഞാൻ ചോദിക്കാറുണ്ട്. ആർക്കും മറ്റൊന്നും ചൂണ്ടിക്കാണിക്കാൻ സാധിച്ചിട്ടില്ല.

മേൽപ്പറഞ്ഞ പ്രത്യേകതകൾ നാം പുലർത്തിക്കൊണ്ടു പോകണമോ? മറ്റു ജനങ്ങളുടെ മുമ്പിൽ നമുക്ക് നാണക്കേടുണ്ടാക്കുന്ന ഇത്തരം പ്രത്യേകതകൾ മാറ്റികിട്ടുന്നതിന് എന്താണ് പോംവഴി. രണ്ടെണ്ണമെങ്കിലും ഞാൻ ചൂണ്ടിക്കാണിക്കട്ടെ.

ബന്ദും ഹർത്താലും ഇല്ലാതാക്കാൻ മാധ്യമങ്ങൾ മാത്രം വിചാരിച്ചാൽ സാധിക്കും. ഇത് സംബന്ധിച്ചുള്ള ഒരു വാർത്തയും ഒരു മാധ്യമങ്ങളും പ്രസിദ്ധപ്പെടുത്തുകയില്ലെന്നും തീരുമാനിച്ചാൽ ഈ അലവലാതിത്തരം ദൈവത്തിന്റെ സ്വന്തം നാട്ടിൽനിന്നും എന്നന്നേക്കുമായി മാറിക്കിട്ടും. അതിനും പുറമെ മറ്റൊന്നുകൂടി ചെയ്യാം. ഓരോ ഹർത്താൽ വഴിയും കേരളത്തിന്റെ സമ്പദ് വ്യവസ്ഥക്ക് ഇത്രവലിയ നഷ്ടം വരുത്തിവയ്ക്കുന്നതുകൊണ്ട് ഹർത്താൽ ആഹ്വാനം കൊടുക്കുന്നതും അവ നടപ്പിലാക്കുന്നതും ശിക്ഷാർഹമാക്കുന്ന കുറ്റകൃത്യമാക്കിക്കൊണ്ട് നിയമനിർമ്മാണം കേരള നിയമസഭ നടത്തിയാൽ അത് വളരെ അഭിലഷണീയവും ജനോപകാരപ്രദവും ആയിരിക്കും. പണിമുടക്കാനുള്ള അവകാശം മൗലികാവകാശമായി പരിഗണിക്കണമെന്നു പറയുന്ന രാഷ്ട്രിയ ട്രേഡ് യൂണിയൻ പ്രതാപികൾ ഒരു കാര്യംകൂടി ഓർത്തിരിക്കുന്നത് നന്ന്. പണിമുടക്കാൻ നിർബന്ധിക്കുന്നതും പ്രലോഭിപ്പിക്കുന്നതും രാജ്യത്തോടും പൊതുജനങ്ങളോടും ചെയ്യുന്ന അപരാധമായി കണക്കാക്കാ

വുന്ന മനസ്സ് വന്നെങ്കിൽ മാത്രമെ ദൈവത്തിന്റെ സ്വന്തം നാടായി ഈ രാജ്യം രൂപാന്തരപ്പെടുകയുള്ളൂ.

നോക്കുകൂലി ചോദിച്ചു ഭീഷണിപ്പെടുത്തുന്നത് ഇപ്പോൾതന്നെ കുറ്റ കൃത്യമാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചെങ്കിലും അതു സംബന്ധിച്ച് തന തായ ഒരു ആക്ട് കേരള നിയമസഭ പാസാക്കുകയാണെങ്കിൽ ഈ തെമ്മാടിത്തരം ഈ നാട്ടിൽ നിന്നും നിഷ്കാസിതമാകും. നോക്കുകൂലി ചോദിക്കുന്നവരും അതിനു പിന്തുണ കൊടുക്കുന്നവരും വെറും ഭീരു ക്കൾ കൂടിയാണ് എന്ന് എനിക്കുറപ്പുള്ളതുകൊണ്ടാണ് ഞാൻ ഇതു പറ യുന്നത്.

ഈ രണ്ടു പ്രത്യേകതകളും കേരളത്തിൽ നിന്നും നിഷ്കാസനം ചെയ്യുവാൻ സാധിക്കാതെ വരുന്ന പക്ഷം യഥാർത്ഥത്തിൽ കേരളത്തെ വിശേഷിപ്പിക്കേണ്ടത് ദൈവത്തിന്റെ സ്വന്തം നാട് എന്നാണോ? അതോ പിശാചിന്റെ സ്വന്തം നാട് എന്നാണോ എന്ന കാര്യം ഭാവി കേരളീയരെ ങ്കിലും പുനപരിശോധനയ്ക്ക് വിധേയമാക്കേണ്ടതല്ലേ.

കേരളത്തിലേക്ക് അതിർത്തി കടന്ന് വരുന്ന ടൂറിസ്റ്റുകൾക്ക് കാണാൻ സാധിക്കുന്ന പ്രത്യേകതകൾ വഴിയോരങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യ വിസർജനങ്ങളും നദികളിൽ നിറയുന്ന പോളകളുടെ ആധിക്യ വുമാണ്. പോളകൾ ആദ്യം നിറഞ്ഞത് ജപ്പാനിലായിരുന്നത്രെ. പക്ഷെ ഞാൻ ജപ്പാനിൽ പോയപ്പോൾ ഒറ്റ നദിയിലും പോളകൾ കാണപ്പെട്ടില്ല. ശാസ്ത്രീയ മാർഗങ്ങളിലൂടെ അവർ പോളകളും മാലിന്യങ്ങളും നിഷ്കാ സനം ചെയ്തു. പക്ഷെ കേരളത്തിൽ ഇവ രണ്ടും മാറ്റുന്നതിനു സാധി ക്കാതെ വരുന്നത് ദൈവത്തിന്റെ സ്വന്തം നാടിന് അവകൂടി അലങ്കാരങ്ങ ളായി ഭവിക്കട്ടെ എന്നുള്ള ആഗ്രഹത്താലാണോ?

9447078215

## ധാർമ്മികരോഷം ആളി കത്തട്ടെ!

നവംബർ 2016 ലെ New Vision മാസികയിൽ "ദൈവത്തിന്റെ സ്വന്തം നാടിന്റെ പ്രത്യേകതകൾ" എന്ന തലക്കെട്ടിൽ ജസ്റ്റിസ് കെ.റ്റി.തോമസ് എഴുതിയ ശ്രദ്ധേയമായ ലേഖനത്തോടുള്ള പ്രതികരണമാണ് ഈ കുറിപ്പ്.

"മാറ്റുവിൻ ചട്ടങ്ങളെ" എന്ന കവിമൊഴി ഉച്ചത്തിൽ ഉദ്ഘോഷിക്കുന്ന കേരള ജനതയുടെ ധാർമ്മിക രോഷത്തിനു തിരി കൊളുത്തുവാൻ ഈ ലേഖനം ഉപകരിക്കുമെങ്കിൽ നന്ന്. ''ദൈവത്തിന്റെ സ്വന്തം നാട്" - എന്ന് പണ്ട് ആരോ നാമകരണം ചെയ്ത ഈ നാടിനെ "പിശാചിന്റെ സ്വന്തം നാട്" എന്നുള്ള നാമകരണ ചടങ്ങിനു നാം ഇന്നു സാക്ഷികളല്ലേ? ലേഖ കൻ രണ്ടു സംഗതികൾ മുഖ്യമായി ചൂണ്ടി കാണിക്കുന്നു. (1) പണിമു

ടക്ക്, ബന്ത് എന്ന പേരിലുള്ള ശിക്ഷണ രഹിതമായ അഴിഞ്ഞാട്ടം. ബന്തു ദിവസാചരണത്തിൽ ഓരോ പൗരന്റെയും അവകാശങ്ങൾ നിഷേധിക്കുക മാത്രമല്ല കേരളത്തിൽ ഏകദേശം 1700 കോടി രൂപാ നഷ്ടം സംഭവിക്കുന്നുവെന്ന് ഒരു ഉദ്ധരണിയിൽ കൂടി ലേഖകൻ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളിൽ ഒരിടത്തും അനുവദനീയമല്ലാത്ത ഈ അഴിഞ്ഞാട്ടം എന്തു കൊണ്ട് ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ഭരണാധികാരികളും, നീതിന്യായ പീഠവും അനുവദിക്കുന്നുവെന്ന ലേഖകന്റെ ചോദ്യം നൂറു ശതമാനവും പ്രസക്തമാണ്.

(2) ദൈവത്തിന്റെ സ്വന്തം നാട്ടിൽ രാഷ്ട്രീയ ഒത്താശയോടുകൂടി വിളയാടുന്ന "നോക്കുകൂലി" തൊഴിലുറപ്പു പദ്ധതി എത്രയോ ബാലിശവും, അപരിഷ്കൃതവും ആണെന്ന് ലേഖകൻ സമർത്ഥിക്കുന്നു. മാദ്ധ്യമങ്ങൾ ബന്ത് അനുകൂലികളെ യാതൊരു കാരണവശാലും പ്രോത്സാഹിപ്പിക്കരുത് എന്ന നിർദേശം സ്വാഗതാർഹമാണ്. ജനജീവിതത്തെ സ്തംഭിപ്പിക്കുന്നതല്ല ബന്തിന്റെ വിജയത്തിന്റെ കുറികോൽ എന്ന ചിന്ത ഒരിക്കലും ദൈവത്തിന്റെ സ്വന്തനാടിനു ഭൂഷണമല്ല.

ജോലി ചെയ്യാത്ത ആൾക്കാർക്കു നോക്കുകൂലി കൊടുക്കണമെന്ന് പറയുന്നതു തികച്ചും നിയമ വിരുദ്ധമാണെന്നു പറയുക മാത്രമല്ല വളരെ രോഷാകുലമായ പ്രതികരണ ഭാഷയിൽ അതിനെ "ശുദ്ധ തെമ്മാടിത്തരം" എന്നാണ് ലേഖകൻ വിശേഷിപ്പിക്കുന്നത്. ഇതിനോടു ആർക്കു വിയോജിക്കുവാൻ കഴിയും? കേരളത്തിലല്ലാതെ ലോകത്തിൽ മറ്റൊരിടത്തും അങ്ങനെയൊരു ഏർപ്പാട് നടക്കുന്നില്ലെന്ന അറിവും അനുഭവവും ഉള്ള ലേഖന കർത്താവ് പറയുന്നതിനെ ഖണ്ഡിക്കുവാൻ കഴിയുമോ? ശിക്ഷാർഹമായ ഈ കുറ്റത്തെ ലാഘവ ബുദ്ധിയോടുകൂടി കാണാതിരിക്കുവാനുള്ള Public Interest Litigation കേസ്സായി പരിഗണിക്കേണ്ടതല്ലേ?

തികച്ചും അപരിഷ്കൃതമായ പ്രവണതകളുടെ നാരായ വേരുകൾ അറുക്കുന്നതിനുള്ള സംരംഭത്തിൽ വിഭാഗീയത കൂടാതെ കേരളജനത ഏവരും പങ്കുചേരേണ്ടതാണ്. **ദൈവത്തിന്റെ സ്വന്തനാടാക്കി നമുക്കു ഈ കൊച്ചു കേരളത്തെ കാത്തു സൂക്ഷിക്കാം.**

റവ ഡോ. എം.ജെ. ജോസഫ്, കോട്ടയം
ECC, Bangalore മുൻ ഡയറക്ടർ

# സീറോ മലബാർ സാമ്രാജ്യത്വം വളരുന്നു

2016 നവംബർ 23-ാം തീയതിയിലെ ദീപിക ദിനപത്രത്തിൽ വന്ന ഒരു വാർത്ത താഴെ കൊടുക്കുന്നു.

***"സീറോ മലബാർ സഭയ്ക്കു യൂറോപ്പിൽ പുതിയ നിയമനങ്ങൾ***

*വത്തിക്കാൻ സിറ്റി: സീറോമലബാർ സഭയുടെ യൂറോപ്പിലെ അപ്പസ്തോലിക വിസിറ്റേഷന്റെ ജനറൽ കോ-ഓർഡിനേറ്ററായി കോതമംഗലം രൂപതയിലെ റവ.ഡോ.ചെറിയാൻ വാരികാട്ടിനെ മാർ സ്റ്റീഫൻ ചിറപ്പണത്ത് നിയമിച്ചു. സഭാ ചരിത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള റവ. ഡോ. വാരികാട്ട് കോതമംഗലം രൂപതയുടെ മതബോധന ഡയറക്ടർ, മൈനർ സെമിനാരി റെക്ടർ, രൂപതയുടെ പ്രൊക്കുറേറ്റർ, വിവിധ സെമിനാരികളിൽ പ്രഫസർ എന്നീ നിലകളിലും ഇടുക്കി രൂപതയിലെ കൈലാസം, മാവടി, വാഴത്തോപ്പ്, കത്തിഡ്രൽ, കോതമംഗലം രൂപതയിലെ നേര്യമംഗലം, അംബികാപുരം, നെയ്യശ്ശേരി ഇടവകകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദൈവദാസൻ മോൺ. ജോസഫ് സി. പഞ്ഞിക്കാരന്റെ പോസ്റ്റുലേറ്ററായി റോമിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെയാണ് പുതിയ നിയമനം.*

*മാർ സ്റ്റീഫൻ ചിറപ്പണത്തിന്റെ മെത്രാഭിഷേക ചടങ്ങുകളുടെ ജനറൽ കൺവീനറായിരുന്നു റവ. ഡോ. ചെറിയാൻ വാരികാട്ട്. റോമിലെ സീറോ മലബാർ വിശ്വാസികളുടെ വികാരി എന്ന നിലയിലും അദ്ദേഹം പ്രവർത്തിക്കുന്നതാണ്. തലശേരി അതിരൂപതാംഗമായ ഫാ. ബിജു മൂട്ടത്തുകുന്നേലിനെ സീറോ മലബാർസഭയുടെ റോമിലെ പ്രൊക്കുറേറ്ററുടെ അസിസ്റ്റന്റായി സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി നിയമിച്ചു. റോമിൽ സഭാ നിയമത്തിൽ ഡോക്ടറേറ്റ് പഠനം നടത്തിക്കൊണ്ടിരുന്ന ഫാ. ബിജു ഇറ്റലിയിലെ സീറോമലബാർ വിശ്വാസികളുടെ കോ-ഓർഡിനേറ്ററായി സേവനം ചെയ്യും. കഴിഞ്ഞ കുറച്ചു വർഷങ്ങളായി റോമിലെ സീറോമലബാർ വികാരിയുടെ അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചുവരികയായിരുന്നു.*

*ഫാ. മുട്ടത്തുകുന്നേൽ തലശ്ശേരി അതിരൂപതയിൽ ആലക്കോട്, പടന്നക്കാട്, കുടിയാന്മല എന്നീ ഇടവകകളിൽ അസിസ്റ്റന്റ് വികാരിയായും മൈനർ സെമിനാരിയിൽ അധ്യാപകൻ, വൊക്കേഷൻ പ്രമോട്ടർ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്."*

ഓരോ സഭകളും അതതിന്റെ പൂർവ പാരമ്പര്യങ്ങളിലേക്ക് തിരിച്ചു പോകണം എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ തീരുമാനമനുസരിച്ച് ഇന്ന് സീറോ മലബാർസാമ്രാജ്യത്വം വളരുകയാണ്. ഒരു നേരത്തെ കഞ്ഞികുടിക്കാൻവേണ്ടി കേരളത്തിനു പുറത്തു പോയവരെയെല്ലാം സംഘടിപ്പിച്ച് തങ്ങളുടെ സാമ്രാജ്യത്തിൻ കീഴിലാക്കാനാണ് സീറോ മലബാർ മെത്രാന്മാരുടെ ഇപ്പോഴത്തെ പരിശ്രമം. സീറോമലബാർ സഭയുടെ സംസ്കാര തനിമയായ മാർത്തോമ്മായുടെ നിയമം പുനസ്ഥാപിക്കാനല്ല, മറിച്ച്, ലത്തീൻ സഭകളുടെ മേഖലകളിൽ കയറിപ്പറ്റി സീറോമലബാർ സാമ്രാജ്യത്വം സ്ഥാപിക്കാനാണ് ഇന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നതിന് ഒരു തെളിവാണ് ഈ വാർത്ത. ●●

# പ്രമേഹരോഗി ചികിത്സാ സഹായപദ്ധതി

ഗുഡ്സമരിറ്റൻ പ്രോജക്ട് ഇന്ത്യ ഓശാനമൗണ്ടിൽ നടത്തുന്ന പ്രമേഹരോഗി ചികിത്സാ സഹായപദ്ധതിയിലേക്ക് ഡിസംബർ ലക്കം ഓശാനയിൽ സംഭാവന ആവശ്യപ്പെടുകയുണ്ടായല്ലോ.

2011 നവംബർ മാസത്തിൽ ആരംഭിച്ച ഈ പദ്ധതിയിലേക്ക് ഓശാന വായനക്കാരും മറ്റുള്ളവരുംകൂടി 2016 മാർച്ച് 31-ാം തീയതി വരെ 4,84,160/- രൂപ സംഭാവനയായി തന്നു എന്ന് സന്തോഷ ത്തോടെ അറിയിക്കട്ടെ.

എല്ലാ ഓശാന വായനക്കാരും സുഹൃത്തുക്കളും ബന്ധുക്കളും ഈ ഫണ്ടിലേക്ക് കഴിവനുസരിച്ച് സംഭാവന നൽകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

ചെക്ക്, ഡ്രാഫ്റ്റ്, മണിഓർഡർ എന്നിവ അയക്കുന്നവർ Good Samaritan Project India, Hosanna Mount, Edamattom P. O., Kottayam - 686 578 എന്ന പേരിൽ അയക്കുക.

ബാങ്കു വഴി അയക്കുന്നവർ GSPI യുടെ പേരിൽ State Bank of Travancore Pala Branch, A/c No. 67013211342, Bank Code - SBTR 0000120, South Indian Bank, Bharananganam Branch, A/c No. 0010053000005587, Bank Code - SIBL 0000010,Catholic Syrian Bank, Pala A/c No. 0153-02902944-190001, Bank Code CSBK 0000153 എന്ന നമ്പരുകളിൽ ഏതെങ്കിലും ഒന്നിൽ അയക്കുക. ബാങ്കുവഴി അയക്കുന്നവർ അവരുടെ അഡ്രസ്സും ബാങ്കിന്റെ പേരും എന്നാണ് ബാങ്ക് ട്രാൻസ്ഫർ നടന്നതെന്നുമുള്ള വിവരം നിർബ ന്ധമായും അറിയിക്കണം. Phone No. 04822- 236907, 9495586102; E-Mail Address : hosannamountinfo@gmail.com. രസീത് ആ അഡ്രസ്സിൽ അയയ്ക്കുന്നതായിരിക്കും.

എല്ലാ സഹകരണവും പ്രതീക്ഷിച്ചുകൊണ്ട്

ജോസഫ് പുലിക്കുന്നേൽ

'Registered' RNI Reg.No.27480/1975

# HOSANA

## IICS പ്രസിദ്ധീകരണങ്ങൾ

1. Acts and Decrees of the Synod of Diamper Rs.150
2. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ (രണ്ടാം പതിപ്പ്) എഡിറ്റർ : ഡോ.സ്കറിയ സക്കറിയ Rs.100
3. വർത്തമാനപ്പുസ്തകം (മൂന്നാം പതിപ്പ്) Rs.125
4. മാനിക്കേയൻ കുരിശു വിവാദം - വിവിധ ലേഖകർ Rs. 50
5. Personal Names of Kerala Christians ഡോ. എ.എം.മേരിക്കുട്ടി Rs.100
6. ഓശാനയുടെ 25 വർഷം: വിലയിരുത്തലുകൾ -വിവിധ ലേഖകർ Rs.80
7. ഉദയംപേരൂർ സൂനഹദോസ് ഒരു ചരിത്രവിചാരണ - " Rs.50
8. പ്രൈവറ്റ് കോളജധ്യാപകന്റെ സ്മരണകൾ (രണ്ടാം പതിപ്പ്) ജോസഫ് പുലിക്കുന്നേൽ Rs.80
9. കേരള ക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ " Rs. 70
10. കാനോൻ നിയമത്തിലെ കാണാച്ചരടുകൾ " Rs. 80
11. Identity of Nazrani Church of Kerala " Rs. 75
12. ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ " Rs.125
13. പേപ്പസി - ചരിത്രപരമായ ഒരു പഠനം " Rs. 50
14. RSS-Christian Perspective Meet-a team of Speakers Rs.100
15. The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-portuguese period - a study Joseph Pulikunnel Rs. 25
16. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം ഒന്ന്) -ജോസഫ് പുലിക്കുന്നേൽ Rs.120
17. ഓശാനയുടെ എഡിറ്റോറിയലുകൾ (ഭാഗം രണ്ട്) " Rs.120
18. യേശുവും സഭയും -ജോർജ് മൂലേച്ചാലിൽ Rs. 80

## ലഘുഗ്രന്ഥങ്ങൾലഘുഗ്രന്ഥങ്ങൾ

1. നമ്മുടെ കത്തനാരന്മാർ കൽദായകുർബാന ചൊല്ലിയിരുന്നോ? Rs.3
2. അൽമായ-പുരോഹിത സംവാദം (ഒരു സംഘം അൽമായ-പുരോഹിത ലേഖകർ) Rs. 10